# KSSIA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. JUNE 2025. ₹5.00

VOL. 09 - ISSUE NO. 12 - DATE OF PUBLICATION 25TH JUNE, 2025 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24


## ലോക എം.എസ്.എം.ഇ. ദിനം

27 ജൂൺ, 2025

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ - ശക്തമായ ഒരു സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ല്!



**വ്യവസായ സംരക്ഷണ നിയമം നടപ്പിലാക്കണം**

KSIDC

No.1 KERALA

# APPROVALS ARE QUICKER THAN BREWING YOUR MORNING COFFEE!

K-SWIFT ensures that your business approvals are just a few clicks away



*Let's turn your ideas into reality!*
*Start your business from anywhere in the world*

**22 Departments, 120+ Clearances**

Visit www.kswift.kerala.gov.in and get started today.

WE ARE CHANGING THE NATURE OF BUSINESS

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. ✆ 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS**

**State President**
A. Nizarudeen
Kollam. ✆ 94477 10078
✉ nazwoodind@gmail.com

**General Secretary**
Joseph Paikada
Kannur. ✆ 94972 24422
✉ josephpaikada@gmail.com

**State Vice Presidents**
P. J. Jose
Cochin. ✆ 98460 53553
✉ info@manoramasalescorporation.com

A. Fasiludeen
Trivandrum. ✆ 94007 04000
✉ fthoppil@yahoo.com

A.V. Sunilnath
Kozhikode. ✆ 93497 44145
✉ sunilnath@walkaroogroup.com

**State Treasurer**
Jayakrishnan B.
Idukki. ✆ 94475 30569
✉ jayakrishnantoyo@yahoo.co.in

**State Joint Secretaries**
M.S. Anaz
Alappuzha. ✆ 98470 42743
M.M. Mujeeb Rahiman
Ernakulam. ✆ 94477 36134
Anvar.K.V.
Malappuram. ✆ 93499 35511

**Editorial Board**

**Chief Editor**
S. Salim
Kollam, ✆ 93873 05751
✉ md@unicornplywoods.com

**Members**
A. Nizarudeen ..... ✆ 94477 10078
Joseph Paikada..... ✆ 94972 24422
Rajesh. G ........... ✆ 98957 03837
Thomas Mathew.. ✆ 80756 59942
Eshaque K.......... ✆ 98470 08185

**Printer & Publisher**
K.P. Ramachandran Nair
✆ 94470 17899

**Printing, Cover Design & Layout**
Rajsree Industrial Printer,
Edayar. ✆ 0484-2559701, 2558538

## ഉള്ളടക്കം

➤ **എഡിറ്റോറിയൽ:**
കെട്ടിട നിർമ്മാണ ചട്ട ഭേദഗതി ..................... 03

➤ **പ്രസിഡൻഷ്യൽ റിപ്പോർട്ട്:**
എം.എസ്.എം.ഇ. മേഖലയ്ക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണം ..................... 05

➤ **വോയിസ് ഓഫ് ജനറൽ സെക്രട്ടറി:**
പ്രൈസ് പ്രിഫറൻസ് പോളിസി ഫലപ്രദമായി നടപ്പാക്കണം ..................... 07

➤ **ജി.എസ്.ടി.**
ജി.എസ്.ടി. ഓഡിറ്റ് - ഒരു അവലോകനം .......... 08

➤ **ദേശീയ സാമ്പത്തിക വളർച്ച: മൂന്നാം സ്ഥാനത്തെത്തിയാൽ പിന്നെയെങ്ങോട്ട്?** ....10

➤ **മറൈൻ ഇൻഷുറൻസ്** ..................... 13

➤ **കുറഞ്ഞ പലിശയിൽ ലഭിക്കുന്ന സംരംഭ വായ്പകൾ** ..................... 14

➤ **ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമം** ..................... 16

➤ **കെ.എസ്.എസ്.ഐ.എ. യുടെ റീജിയണൽ ഓഫീസിന്റെ പ്രവർത്തനം ആരംഭിച്ചു** .........20

**KSSiA NEWS**
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION - JUNE 2025 - ₹ 5.00

## എഡിറ്റോറിയൽ

# കെട്ടിട നിർമ്മാണ ചട്ട ഭേദഗതി



ആവർത്തനം അതിവിരസമാണ് എന്ന സത്യം അനുഭവമാണ്. പക്ഷേ ചില ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുവാനും അധികാരികളെ ബോധ്യപ്പെടുത്തുവാനും ആവർത്തനം ആവശ്യമായി വരുന്നു അത് പ്രായോഗിക വഴിയുമാണ്. ഇത്തരം സന്ദർഭങ്ങളിൽ ആവർത്തനം അഭിനന്ദനീയമായി മാറുന്നു.

അത്തരം ഒരു ആവർത്തനച്ചുവയുള്ളതാണ് ഈ എഡിറ്റോറിയൽ. കാല പുരോഗതിക്കൊപ്പം മാറുന്ന സാമൂഹിക സാമ്പത്തിക മാറ്റങ്ങൾ നമ്മുടെ വ്യവസായങ്ങൾക്കും ബാധകം ആണല്ലോ. പരിഷ്കരണ നിയമങ്ങൾ നടപ്പിൽ വരുമ്പോൾ വ്യവസായത്തിന് ഗുണകരമാകണം എന്നാണ് ഞങ്ങളുടെ ആഗ്രഹം.

നിലവിലെ വ്യവസായങ്ങളിൽ പലതും വർഷങ്ങളുടെ കാലപ്പഴക്കം ഉള്ളതാണ്. അതാത് കാലങ്ങളിൽ ഉണ്ടായിരുന്ന നിയമത്തിന്റെ മാർഗ്ഗ രേഖകൾക്ക് അനുസൃതമായിട്ടായിരുന്നു വ്യവസായ സ്ഥാപനങ്ങളുടെ നിർമ്മിതിയും.

ഇപ്പോൾ, തദ്ദേശസ്വയംഭരണ വകുപ്പ് വ്യവസായ സൗഹൃദം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി നിർമ്മാണ നിയമങ്ങൾ ലളിതമാക്കുവാനുള്ള ശ്രമത്തിലാണ് എന്നും ചട്ടങ്ങൾ ഭേദഗതി ചെയ്യാൻ ഒരുങ്ങുന്നു എന്നും, പത്രവാർത്തയിലൂടെ ശ്രദ്ധയിൽപ്പെട്ടു.

ഈ സാഹചര്യത്തിൽ ചില കാര്യങ്ങൾ ചൂണ്ടിക്കാട്ടിക്കൊള്ളട്ടെ വർഷങ്ങൾക്കു മുമ്പ് നിർമ്മിച്ച വ്യവസായശാലകൾക്ക് ചില പാകപ്പിഴകൾ വന്നിട്ടുണ്ട്. അത് റെഗുലറൈസ് ചെയ്യാനായി സർക്കാർ പുതിയ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. പക്ഷേ അതിനായി വേണ്ടിവരുന്ന സാമ്പത്തിക ബാധ്യത പുതിയ കെട്ടിട നിർമ്മാണത്തിന്റെതിലും വളരെ കൂടുതലായി മാറും. ഇത്രയും വലിയ സാമ്പത്തിക ബാധ്യതയിൽ നിന്നും വ്യവസായികളെ രക്ഷിക്കണമെന്നാണ് ഞങ്ങളുടെ അഭ്യർത്ഥന. ചെറിയൊരു പിഴ ചുമത്തി പിഴവുകൾ പരിഹരിക്കാൻ കഴിയും വിധം നിയമങ്ങൾ ലഘൂകരിച്ചാൽ വ്യവസായത്തിന് പ്രോത്സാഹനവും വ്യവസായികൾക്ക് സഹായകവും ആകും എന്നാണ് ഞങ്ങളുടെ സംഘടനയുടെ നിലപാട്.

ബഹുമാനപ്പെട്ട വകുപ്പ് മന്ത്രിക്ക് മുൻപിൽ പ്രത്യേകമായ ഒരു അപേക്ഷ കൂടി സമർപ്പിച്ചുകൊള്ളട്ടെ.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരുടെ ഒരു യോഗം ബഹുമാനപ്പെട്ട വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ വിളിച്ചുകൂട്ടി വ്യവസായ വികസനത്തിന്റെ ഭാഗമായി ഉണ്ടാകുന്ന നിയമവും ആവശ്യകതയും സുഗമമായി നടത്താനുള്ള നിർദ്ദേശങ്ങളും നൽകണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

ഇപ്പോഴും 'സ്റ്റോപ്പ് മെമ്മോ' നൽകുന്ന സെക്രട്ടറിമാർ ഉണ്ട് എന്നതാണ് യാഥാർത്ഥ്യം!

**എസ്. സലിം**
**ചീഫ് എഡിറ്റർ**

MINISTRY OF FOOD PROCESSING INDUSTRIES
GOVERNMENT OF INDIA

PMFME
सूक्ष्म उद्यमों का संबल

വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ

K-bip



# ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക്

# വലിയ ഉയരങ്ങൾ താണ്ടാം

## പ്രധാൻ മന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പിഎംഎഫ്എംഇ) പദ്ധതി

**ഓരോ അപേക്ഷകനും ആദ്യാന്ത്യം സമ്പൂർണ കൈത്താങ്ങ് ഉറപ്പാക്കുന്നു**

- **10 ലക്ഷം രൂപ വരെ സബ്സിഡി**
  യോഗ്യമായ പദ്ധതി ചിലവിന്റെ 35% ക്രെഡിറ്റ് ലിങ്ക്ഡ് മൂലധന സബ്സിഡിയായി പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം

- **എസ്.എച്ച്.ജി. അംഗങ്ങൾക്ക് 40,000 രൂപ വരെ ധനസഹായം**
  സ്വയം സഹായ സംഘങ്ങളിലെ ഓരോ അംഗത്തിനും പ്രവർത്തന മൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനും 40000 രൂപ വരെ ധനസഹായം

- **പൊതു അടിസ്ഥാന സൗകര്യത്തിന് 3 കോടി രൂപ വരെ**
  പൊതു അടിസ്ഥാന സൗകര്യത്തിനും മൂലധന നിക്ഷേപത്തിനും എസ്.എച്ച്.ജി., എഫ്.പി.ഒ., സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് 3 കോടി രൂപ വരെ ധനസഹായം



കൂടുതൽ വിവരങ്ങൾക്ക്

**ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെടുക**

**വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**
വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം - 695033.
ഫോൺ: 91 471 2302774 | ഫാക്സ്: +91 471 2305493
ഇമെയിൽ: industriesdirectorate@gmail.com
വെബ്: www.industry.kerala.gov.in

K-bip

**കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ**
2, വിദ്യാ നഗർ, പൊലീസ് ഗ്രൗണ്ടിന് എതിർവശം,
തൈക്കാട് പി.ഒ., തിരുവനന്തപുരം - 695014.
ഫോൺ: +91 471 2321882 | ഫാക്സ്: +91 471 2322883
ഇമെയിൽ: kbip@keralaindustry.org | വെബ്: www.kbip.org




# 2025 ജൂൺ 27 ലോക MSME ദിനം MSME മേഖലയ്ക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണം

## പ്രസിഡൻഷ്യൽ റിപ്പോർട്ട്

ഐക്യരാഷ്ട്ര സഭയുടെ അഹ്വാനമനുസരിച്ച് 2017 ജൂൺ 27 മുതലാണ് MSME ദിനം ആചരിച്ചു വരുന്നത്. കുറഞ്ഞ മൂലധനം, കൂടുതൽ തൊഴിൽ സൗകര്യങ്ങൾ, താരതമ്യേന മലിനീകരണം കുറവും എന്നീ അനുകൂല ഘടകങ്ങളോടെ പ്രവർത്തിക്കാൻ സാധിക്കുന്ന ഈ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്താണ് എല്ലാ വർഷവും MSME ദിനം ആചരിക്കാൻ ഐക്യരാഷ്ട്രസഭ തീരുമാനിച്ചത്. രാജ്യത്തിന്റെ വികസനത്തോടൊപ്പം വ്യവസായ വളർച്ചയും ജനങ്ങളുടെ ആരോഗ്യവും ക്ഷേമവും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഐക്യരാഷ്ട്ര സഭ ഈ ദിനം ആചരിക്കുന്നതിനു പ്രാധാന്യം നൽകിയിരിക്കുന്നത്. ഇന്ത്യാ രാജ്യത്തും എല്ലാ വർഷവും ഈ ദിനം സമുചിതമായി ആചരിച്ചു വരുന്നു.

കാർഷിക മേഖല കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിൽ സൗകര്യങ്ങൾ നൽകുന്നതു ഈ മേഖലയാണ്. ഇന്ത്യയുടെ വ്യവസായ ഉല്പാദനം, കയറ്റുമതി, തൊഴിൽ വികസനം, റവന്യൂ വരുമാനം എന്നിവയുടെ ഗണ്യമായ ഭാഗം ഈ മേഖലയുടേതാണ്. 2024 വരെ 633.9 ലക്ഷം MSMEകൾ രജിസ്റ്റർ ചെയ്തതായിട്ടാണ് കണക്ക്. ഇതിൽ ഒരു കോടിയിലധികം സ്ത്രീ സംരംഭങ്ങളാണ്. 25 കോടിയിലധികം തൊഴിൽ സൗകര്യങ്ങൾ ഈ മേഖല നൽകുന്നു. രാജ്യത്തിന്റെ ആഭ്യന്തര ഉല്പാദനം 40 ശതമാനവും കയറ്റുമതിയിൽ 42 ശതമാനവും ഈ മേഖലയുടെ സംഭാവനയാണ്. കേന്ദ്ര വ്യവസായ മന്ത്രാലയം MSMEയുടെ നിർവ്വചനം കഴിഞ്ഞ ബഡ്ജറ്റ് മുഖാന്തിരം പുതുക്കി നിശ്ചയിക്കുകയുണ്ടായി. നേരത്തെ നിക്ഷേപം മാത്രമാണ് മാനദണ്ഡമാക്കിയിരുന്നതെങ്കിൽ ഇപ്പോൾ നിക്ഷേപവും ടേൺ ഓവറും കൂടി കണക്കിലെടുത്താണ് MSMEയുടെ നിർവ്വചനം നിശ്ചയിച്ചിരിക്കുന്നത്. 2.5 കോടി നിക്ഷേപവും 10 കോടി ടേൺ ഓവറും ഉള്ള സംരംഭങ്ങൾ സൂക്ഷ്മ



വിഭാഗത്തിലും 25 കോടി നിക്ഷേപവും 100 കോടി ടേൺ ഓവറുമുള്ള സംരംഭങ്ങൾ ചെറുകിട വിഭാഗത്തിലും 125 കോടി നിക്ഷേപവും 500 കോടി ടേൺ ഓവറുമുള്ള ഇടത്തരം സംരംഭങ്ങളുടെ പട്ടികയിലും വരും. 250 കോടിയിൽ കൂടുതൽ വരുന്നവ വൻകിട വ്യവസായങ്ങളിൽപ്പെടും. MSME കളുടെ വികസനത്തിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിരവധി പദ്ധതികളും ആനുകൂല്യങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്. നിക്ഷേപകരെ ആകർഷിക്കുന്നതിനും കൂടുതൽ വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും നമ്മുടെ സംസ്ഥാനം വ്യവസായ മേഖലയ്ക്ക് അനുകൂലമായ നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്തിട്ടുണ്ട്. ഇന്ന് സംസ്ഥാനത്ത് വ്യവസായ അനുകൂലമായ ഒരന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ടെന്നുള്ള വസ്തുത പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ പരിധിയിൽ നിന്നുകൊണ്ട് വ്യവസായ മേഖലയുടെ വികസനത്തിന് ചില ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്.

MSME മേഖലയ്ക്ക് വർഷങ്ങൾക്ക് മുൻപ് അനുവദിച്ചിരുന്ന ചില ആനുകൂല്യങ്ങൾ ഇടയ്ക്ക് വെച്ച് കേന്ദ്രസർക്കാർ നിർത്തലാക്കിയ വസ്തുതയും നാം വിസ്മരിച്ചുകൂടാ. ചെറുകിട വ്യവസായങ്ങളുടെ ആരംഭകാല ഘട്ടത്തിലുള്ള സാമ്പത്തിക ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിന് മൂലധന സബ്സിഡിയും നിലവിലുള്ള വ്യവസായങ്ങളുടെ ആധുനികവൽക്കരണവും വൈവിധ്യവൽക്കരണവും ഉൾക്കൊണ്ട് ടെക്നോളജി അപ്ഗ്രഡേഷൻ ക്രെഡിറ്റ് ലിങ്ക്ഡ് ക്യാപ്പിറ്റൽ സബ്സിഡിയും കേന്ദ്രസർക്കാർ നൽകിയിരുന്നു. ഇത് പുന:രാരംഭിക്കാനുള്ള ഒരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല. അതുപോലെ MSME മേഖലയ്ക്ക് കാർഷിക മേഖലയ്ക്ക് നൽകുന്ന വായ്പക്കുള്ള പലിശ നിരക്കിൽ തന്നെ MSME കാർക്കും വായ്പകൾ അനുവദിക്കുക, NPA കണക്കാക്കുന്ന പരിധി 90 ദിവസത്തിൽ നിന്നും ഒരു കൊല്ലമാക്കുക, സർഫാസി ആക്റ്റിൽ നിന്നും ഈ മേഖലയെ പൂർണ്ണമായും ഒഴിവാക്കുക തുടങ്ങിയ ആവശ്യങ്ങളും ഇതുവരെ പരിഗണിച്ചിട്ടില്ല.

MSME മേഖലയുടെ പ്രാധാന്യവും നിലനിൽപ്പും കണക്കിലെടുത്ത് ജൂൺ 27-ാം തീയതി MSME ദിനം ആചരിക്കുന്ന ഘട്ടത്തിൽ നടപ്പു വർഷം മുതൽ നിർത്തലാക്കിയ കേന്ദ്ര സബ്സിഡി പുന:സ്ഥാപിക്കുകയും വായ്പകൾക്കുള്ള പലിശനിരക്ക് നാല് ശതമാനമായി നിശ്ചയിക്കുകയും NPA നിശ്ചയിക്കുന്ന മാനദണ്ഡം ഒരു കൊല്ലമായി ഉയർത്തുകയും സർഫാസി ആക്റ്റിൽ നിന്നും ഈ മേഖലയെ പൂർണ്ണമായും ഒഴിവാക്കുകയും ചെയ്തുകൊണ്ടുള്ള ഒരു പാക്കേജ് പ്രഖ്യാപിക്കാനുള്ള നടപടി കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം.

**എം.എസ്.എം.ഇ. മേഖലയുടെ സമഗ്രമായ വികസനത്തിനും പുരോഗതിക്കും വ്യവസായ സംരക്ഷണ നിയമം നടപ്പിലാക്കിയാൽ അത് കേരളത്തിന്റെ വ്യവസായ വികസനത്തിന്റെ മറ്റൊരു നാഴികക്കല്ലാവും എന്നതിൽ സംശയമില്ല ആയതിനാൽ സംസ്ഥാന സർക്കാർ വ്യവസായ മേഖലയ്ക്ക് നൽകുന്ന പരിഗണനയും സൗഹൃദ അന്തരീക്ഷവും കണക്കിലെടുത്ത് വ്യവസായ സംരക്ഷണ നിയമം നടപ്പിലാക്കണം.**■

**എ. നിസാറുദ്ദീൻ**
**സംസ്ഥാന പ്രസിഡന്റ്**



## നമ്മുടെ വ്യവസായം

**വ്യവസായ സംബന്ധമായ സംശയങ്ങൾക്ക് വിദഗ്ധർ മറുപടി പറയുന്നു.** കെ.എസ്.എസ്.ഐ.എ. ന്യൂസിലൂടെ വായനക്കാരുടെ പ്രതികരണങ്ങൾ ഞങ്ങൾ പ്രസിദ്ധികരിക്കുന്നു. E-Mail: kssianews@gmail.com, kssiastate@gmail.com



# പ്രൈസ് പ്രിഫറൻസ് പോളിസി ഫലപ്രദമായി നടപ്പാക്കണം





## വോയിസ് ഓഫ് ജനറൽ സെക്രട്ടറി

എം.എസ്.എം.ഇ.കളെ വിപണന രംഗത്ത് സഹായിക്കുന്നതിന് വേണ്ടി നടപ്പാക്കിയ പദ്ധതിയാണ് പ്രൈസ് പ്രിഫറൻസ് പോളിസി. സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾക്കാവശ്യമായ ഉൽപ്പന്നങ്ങൾ എം.എസ്.എം.ഇ.കളിൽ നിന്നും വാങ്ങാൻ ടെണ്ടർ സമർപ്പിക്കുമ്പോൾ 15 ശതമാനം അധികവില, സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി. ഒഴിവാക്കൽ തുടങ്ങിയ ആനുകൂല്യങ്ങൾ എം.എസ്.എം.ഇ.കൾക്ക് അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവുകൾ ഉണ്ട്. എന്നാൽ ഈ ഉത്തരവുകൾ ഒന്നും നടപ്പാക്കാൻ പല സ്ഥാപനങ്ങളും തയ്യാറാകുന്നില്ല എന്നുള്ളതാണ് വസ്തുത. സംസ്ഥാനത്തിലെ എം.എസ്.എം.ഇ.കളിൽ നിന്നും അവർക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങിക്കാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങിക്കാനാണ് പല പൊതുമേഖല, സർക്കാർ, കോർപ്പറേഷനുകൾ താൽപര്യം കാട്ടുന്നത്. സംസ്ഥാനത്തിൽ എം.എസ്.എം.ഇ.കളുടെ വളർച്ചയ്ക്കും വികസനത്തിനും വളരെ സഹായകരമായ ഈ പ്രോത്സാഹന പദ്ധതി നടപ്പാക്കുന്നതിന് കർശനമായ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ഉത്തരവുകൾ സർക്കാരിന്റെ ഭാഗത്തുനിന്നു ഉണ്ടാകണം. എം.എസ്.എം.ഇ. സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുമ്പോൾ മൂന്നു കൊല്ലത്തെ പ്രവർത്തന പരിചയവും വിതരണവും ചെയ്യുന്നവരുടെ ലിസ്റ്റും ഹാജരാക്കിയാലേ ചില പൊതുമേഖലാ സ്ഥാപനങ്ങൾ എം.എസ്.എം.ഇ.കളുടെ ടെണ്ടർ സ്വീകരിക്കുകയുള്ളൂ. വിപണന രംഗത്ത് നിലവിലുള്ള സംരംഭകരെയും പുതിയ സംരംഭകരെയും ഒരുപോലെ കണക്കാക്കാനും പ്രത്യേകിച്ച് നിലവിലുള്ള വ്യവസായ സൗഹൃദ അന്തരീക്ഷവും പുതിയ സംരംഭകരെ ആകർഷിക്കുന്നതിന് സർക്കാർ എടുക്കുന്ന നിലപാടുകൾ പൊതുവേ സ്വീകരിക്കപ്പെടേണ്ടതാണ്. മൂന്നു കൊല്ലത്തെ പ്രവർത്തന പരിചയവും വിതരണവും ചെയ്യുന്നവരുടെ ലിസ്റ്റും വേണമെന്ന നിബന്ധന വെച്ചാൽ പുതിയ സംരംഭകരെ നിരുത്സാഹപ്പെടുത്തും. ഇത് സർക്കാരിന്റെ പ്രതിച്ഛായക്ക് മങ്ങലേൽക്കുക മാത്രമല്ല തെറ്റായ ഒരു സന്ദേശത്തിന് ഇടവരുകയും ചെയ്യും. ഇക്കാര്യത്തിൽ ഏറ്റവും കൂടുതൽ ഈ നിബന്ധനകൾ മുന്നോട്ടുവയ്ക്കുന്നത് മിൽമ, മത്സ്യഫെഡ് തുടങ്ങിയ സ്ഥാപനങ്ങളാണ്. ടെണ്ടർ വ്യവസ്ഥകൾ അനുസരിച്ച് ഉത്പന്നങ്ങൾ നിശ്ചിത സമയത്ത് വിതരണം ചെയ്യാനുള്ള കപ്പാസിറ്റിയും കൂടാതെ ഗുണനിലവാരവും വിലയും മാത്രം മാനദണ്ഡമാക്കിയുള്ള വ്യവസ്ഥ നടപ്പാക്കാനുള്ള നടപടി സ്വീകരിക്കണം അല്ലെങ്കിൽ പുതിയ സംരംഭകർക്ക് ടെണ്ടറുകളിൽ പങ്കെടുക്കാൻ സാധിക്കുകയില്ല. മേൽപ്പറഞ്ഞ വസ്തുതകൾ കണക്കിലെടുത്ത് എം.എസ്.എം.ഇ.കൾക്ക് പ്രോത്സാഹനം നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകൾ ഫലപ്രദമായും നടപ്പാക്കുകയും സർക്കാരുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളും അവർക്ക് ആവശ്യമായ സാധനങ്ങൾ 50 ശതമാനമെങ്കിലും സംസ്ഥാനത്തിലെ എം.എസ്.എം.ഇ. കളിൽ നിന്നു തന്നെ വാങ്ങിക്കണം എന്ന വ്യവസ്ഥ ചെയ്തുകൊണ്ടുള്ള ഉത്തരവ് അടിയന്തിരമായി ഇറക്കണം. ■

**ജോസഫ് പൈകട**
**ജനറൽ സെക്രട്ടറി**



Prize Preference Policy for MSME Support





**ജി.എസ്.ടി. ഓഡിറ്റ് ബിസിനസുകാർക്ക് തലവേദനയാകുന്നു. ജി.എസ്.ടി. ഓഡിറ്റ് ബിസിനസുകാർ പൊതുവേ ഭയപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ജി.എസ്.ടി. ഓഡിറ്റിനെ കുറിച്ച് പൊതുവായി ഒന്ന് അവലോകനം ചെയ്യാമോ?**

**എ. നിസാറുദ്ദീൻ**
**നാസ് വുഡ് ഇൻഡസ്ട്രീസ്, കൊല്ലം**

ഡോ. (അഡ്വ.) കെ.എസ്. ഹരിഹരൻ
B.Com, LLB, MBA, LLM, Phd

# ചോദ്യോത്തര പംക്തി




ഏതൊരു ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്ത നികുതി ദായകനെയും ജി.എസ്.ടി. കമ്മീഷണർ, അദ്ദേഹം അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥന് ഒരു ഉത്തരവിലൂടെ ഓഡിറ്റിന് വിധേയമാക്കാൻ ജി.എസ്.ടി. നിയമത്തിലെ അറുപതി അഞ്ചാം വകുപ്പിനുണ്ട്. ജി.എസ്.ടി. ഉദ്യോഗസ്ഥന്റെ ഓഫീസിലോ അല്ലെങ്കിൽ ബിസിനസ് സ്ഥലത്ത് വച്ചോ തന്നെ ഓഡിറ്റ് നടത്താവുന്നതാണ് സാധാരണ നിലയിൽ പതിനഞ്ചിൽ കുറയാത്ത പ്രവർത്തി ദിനങ്ങൾക്ക് മുമ്പ് നികുതിദായകനെ ഓഡിറ്റുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് നോട്ടീസ് നൽകണം. ഓഡിറ്റ് തുടങ്ങുന്ന തീയതി മുതൽ മൂന്നുമാസ കാലയളവിനുള്ളിൽ സാധാരണ നിലയിൽ ഓഡിറ്റ് പൂർത്തിയാക്കേണ്ടതാണ്. അത് ആറുമാസ കാലയളവുവരെ നീട്ടി കൊടുക്കാൻ മേൽ ഉദ്യോഗസ്ഥരുടെ അനുമതി ഉണ്ടായാൽ മതി. ഓഡിറ്റ് തുടങ്ങുക എന്ന് വെച്ചാൽ ഓഡിറ്റുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നികുതിദായകനോട് ആവശ്യപ്പെട്ട റെക്കോർഡുകളും മറ്റു രേഖകളും ലഭ്യമാക്കുന്ന തീയതി മുതൽ മൂന്നുമാസം എന്നതാണ് കണക്കുകൂട്ടേണ്ടത്.

ജി.എസ്.ടി. യിലെ ഓഡിറ്റിന് നികുതിദായകനോട് നികുതി നിയമത്തിൽ പറഞ്ഞിട്ടുള്ള കണക്ക് പുസ്തകങ്ങളോ മറ്റുരേഖകളോ ഹാജരാക്കാൻ പറയാനുള്ള അധികാരം ഉണ്ട്. സമയബന്ധിതമായി ഓഡിറ്റ് പൂർത്തിയാക്കാൻ വേണ്ട വിവരങ്ങൾ ഹാജരാക്കാനും ഓഡിറ്റിനുവേണ്ട സഹായങ്ങൾ നൽകുവാനും നികുതി ദായകൻ ബാധ്യസ്ഥനാണ്. ഓഡിറ്റിന്റെ ഫലമായി അധിക നികുതി ബാധ്യത വരികയാണെങ്കിൽ അല്ലെങ്കിൽ ഏതെങ്കിലും തുക തെറ്റായി റീഫണ്ട് മേടിക്കുകയോ അടക്കാൻ ബാധ്യത ഉണ്ടാവുകയോ ചെയ്താൽ ആ തുക ഓഡിറ്റ് അധികാരികൾക്ക് നികുതിദായകനോട് അടയ്ക്കാൻ പറയാനുള്ള അവകാശമുണ്ട്. 'Latefee' പിഴ, തുടങ്ങി നികുതിദായകൻ സർക്കാരിലേക്ക് അടക്കാൻ ബാക്കി വെച്ചിട്ടുള്ള ഏതെങ്കിലും തുകയുണ്ടെങ്കിൽ അത് രേഖപ്പെടുത്തി അതടക്കുവാൻ അറിയിപ്പ് കൊടുക്കുവാൻ ജി.എസ്.ടി. ഉദ്യോഗസ്ഥർക്ക് അധികാരമുണ്ട്. ഓഡിറ്റുമായി ബന്ധപ്പെട്ട 9/2017 എന്ന നോട്ടിഫിക്കേഷൻ 3/3/2017, എന്ന സർക്കുലർ സി.ജി.എസ്.ടി. ചട്ടങ്ങളിലെ 101 ആം ചട്ടം സി.ജി.എസ്.ടി. നിയമത്തിലെ 73, 74 എന്നീ കാര്യങ്ങൾ വിശദമായി മനസ്സിലാക്കുന്നത് നികുതിദായകരെ സംബന്ധി ച്ചാണെങ്കിലും നികുതി രംഗത്തെ പ്രൊഫഷണലുകളെ സംബന്ധിച്ചാണെങ്കിലും അനിവാര്യമാണ്.

സെക്ഷൻ അറുപതിയഞ്ചുമായി ബന്ധപ്പെട്ട ജി.എസ്.ടി. ഡിപ്പാർട്ട്മെന്റ് നടത്തുന്ന ഓഡിറ്റിനെ കുറിച്ചാണ് മുകളിൽ സൂചിപ്പിച്ചിട്ടുള്ളത്.

എന്നാൽ Section-66 അനുസരിച്ച് സ്പെഷ്യൽ ഓഡിറ്റ് നടത്താനുള്ള അധികാരം ജി.എസ്.ടി. ഡിപ്പാർട്ട്മെന്റിന് ഉണ്ട്. ശരിയായ ടേൺഓവർ നികുതിദായകൻ കാണിച്ചിട്ടില്ല നടത്തിയിട്ടില്ല അല്ലെങ്കിൽ ആ നികുതിയതായകന്റെ കണക്കുകളിൽ പലതരത്തിലുള്ള സങ്കീർണതകളോ സുതാര്യതയോ ജി.എസ്.ടി. ഡിപ്പാർട്ട്മെന്റിന് ബോധ്യമായിട്ടില്ല അല്ലെങ്കിൽ ക്രെഡിറ്റ് നോട്ടിലെ പല കാര്യങ്ങളും നിയമാനുസൃതമല്ല അങ്ങനെയുള്ള പ്രത്യേക സാഹചര്യത്തിൽ ജി.എസ്.ടി. ഡിപ്പാർട്ട്മെന്റ് അധികാരികൾക്ക് ജി.എസ്.ടി. ഡിപ്പാർട്ട്മെന്റ് പാനലിൽ ഉള്ള ചാർട്ടേർഡ് അക്കൗണ്ടന്റിനെ കൊണ്ടോ അല്ലെങ്കിൽ കോസ്റ്റ് അക്കൗണ്ടന്റിനെ കൊണ്ടോ നിർദിഷ്ട വിവരങ്ങൾ പരാമർശിച്ചുകൊണ്ട് ഓഡിറ്റ് ചെയ്യിക്കാൻ രേഖാമൂലം നിർദ്ദേശിക്കാവുന്നതാണ്. കമ്മീഷണർ നിശ്ചയിക്കുന്ന ഓഡിറ്റ് ഫീ ജി.എസ്.ടി. ഡിപ്പാർട്ട്മെന്റ് പ്രസ്തുത ഓഡിറ്ററർക്ക് കൊടുക്കേണ്ടതാണ്.

ഓഡിറ്റിനെ സംബന്ധിച്ചിടത്തോളം സെക്ഷൻ 65 അനുസരിച്ച് ജി.എസ്.ടി. ഡിപ്പാർട്ട്മെന്റ് നടത്തുന്ന ഓഡിറ്റ് ആണ് ബിസിനസുകാരെ സംബന്ധിച്ചിടത്തോളം കൂടുതൽ ശ്രദ്ധിക്കേണ്ടത്. ജി.എസ്.ടി. ഓഡിറ്റിൽ ഒരു ഓഡിറ്റ് ടീമിന് തന്റെ ഓഡിറ്റ് ചെയ്തു തീർക്കാൻ സമയപരിധി ഉള്ളതുകൊണ്ടും ജി.എസ്.ടി. ഡിപ്പാർട്ട്മെന്റ് ഓഡിറ്റിംഗ് ഗൈഡ് ലൈൻസ് ഉൾപ്പെടെയുള്ള രേഖകൾ പുറപ്പെടുവിച്ചിട്ടുള്ളതിനാലും നിയമത്തിൽ പറഞ്ഞിരിക്കുന്ന അതിർ വരമ്പുകൾക്കുള്ളിൽ നിന്ന് മാത്രമേ ഓഡിറ്റ് പൂർത്തീകരിക്കാൻ സാധിക്കൂ. ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം ഓഡിറ്റിന് വിധേയമാക്കുന്ന സ്ഥാപനങ്ങളെ വളരെ മുൻകൂട്ടി തന്നെ ജി.എസ്.ടി.ഡിപ്പാർട്ട്മെന്റ് തെരഞ്ഞെടുക്കുകയും അവരുടെ മിക്കവാറും എല്ലാ വിവരങ്ങളും ശേഖരിക്കുകയും നികുതി ചോർച്ച ഉണ്ടെങ്കിൽ അത് ഏത് ഭാഗത്താണ് എന്നും നികുതി അടയ്ക്കാൻ ബാധ്യതയുള്ള സാധനങ്ങൾക്ക് നികുതി അടയ്ക്കാതിരുന്നിട്ടുണ്ടെങ്കിൽ അതിന്റെ വിവരവും അടച്ച നികുതിയിൽ കുറവുണ്ടെങ്കിൽ അതിന്റെ വിവരവും 'എക്സസ് റീഫണ്ട്' വാങ്ങിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങളും ഒക്കെതന്നെ വിശദമായി പഠിച്ചതിനു ശേഷം ആയിരിക്കാം ഒരു നികുതി ദായകനെ ഓഡിറ്റിന് തെരഞ്ഞെടുക്കുന്നത്. ഓഡിറ്റിന് തിരഞ്ഞെടുത്ത് നോട്ടീസ് അയക്കുന്നതിനു മുൻപ് തന്നെ ഓഡിറ്റിന് വിധേയമാക്കുന്ന നികുതി നായകന്റെ ഏതാണ്ട് എല്ലാ തരത്തിലുള്ള വിവരങ്ങളും ജി.എസ്.ടി. പോർട്ടലിൽ നിന്നോ മറ്റു അന്വേഷണങ്ങളിലൂടെയോ ജി.എസ്.ടി. ഡിപ്പാർട്ട്മെന്റ് സ്വരൂപിച്ച് എടുത്ത് ഓഡിറ്റ് ടീം നല്ല മുന്നൊരുക്കത്തിൽ ആയിരിക്കും ഓഡിറ്റിന് വരുന്നത് അല്ലെങ്കിൽ ഓഡിറ്റിനു ആവശ്യമുള്ള രേഖകൾ ഓഡിറ്റ് ടീമിന്റെ ഓഫീസിൽ ഹാജരാക്കാൻ പറയുന്നത്.

ഇവിടെ ഏറ്റവും ശ്രദ്ധിക്കേണ്ട കാര്യങ്ങളിൽ ഒന്ന് ഓഡിറ്റ് ടീമിന് ഓഡിറ്റിന്റെ കാര്യങ്ങളുമായി ബന്ധപ്പെട്ട ആവശ്യമുള്ള രേഖകൾ ആവശ്യാനുസരണം പുതിയ ദായകൻ എത്തിച്ചു കൊടുത്തില്ല എങ്കിൽ അത്തരം രേഖകൾ ഇല്ല എന്ന് കണക്കുകൂട്ടി നികുതി ദായകന് വലിയ നികുതി ബാധ്യതകൾ വരുത്താൻ കഴിയും. ജി.എസ്.ടി. റിട്ടേണുകൾ, ജി.എസ്.ടി. പോർട്ടലിന്റെ വിവരങ്ങളുമായി ബന്ധപ്പെട്ട മറ്റു രേഖകൾ, ഡേ ബുക്ക് ലെഡ്ജർ, സ്റ്റോക്ക് രജിസ്റ്റർ, സെയിൽസ് ഇൻവോയിസ്, ഇൻവേർഡ് സപ്ലൈകളുടെ ഒറിജിനൽ ഇൻവോയ്സുകൾ, വൗച്ചേഴ്സ്, രസീതുകൾ, നോട്ടുകൾ ഡെബിറ്റ് നോട്ടുകൾ ഇൻപുട്ട് ക്രെഡിറ്റിന്റെ രജിസ്റ്റർ, ഔട്ട് വേർഡ് സപ്ലൈയുടെ രജിസ്റ്റർ, തുടങ്ങി ജി.എസ്.ടി. നിയമത്തിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ വിവരങ്ങളും അത് സംബന്ധിച്ച രേഖകളും കൂടാതെ അക്കൗണ്ട്സ് മെയിന്റയിൻ ചെയ്യുന്ന സോഫ്റ്റ് വെയറിന്റെ വിവരങ്ങളും, അക്കൗണ്ട്സിന്റെ വിവരങ്ങൾ, അക്കൗണ്ട് ഡാറ്റകൾ, ഇതെല്ലാം തന്നെ ജി.എസ്.ടി. ഉദ്യോഗസ്ഥർ ഓഡിറ്റ് ടീമിലൂടെ ആവശ്യപ്പെട്ടാൽ അവയൊക്കെ കൊടുക്കാൻ നികുതി ദായകന് ബാധ്യതയുണ്ട്. അതെല്ലാം ഒത്തു നോക്കി രേഖകളുടെ അടിസ്ഥാനത്തിൽ വേണം ഓഡിറ്റിന്റെ റിപ്പോർട്ട് ജി.എസ്.ടി. ഓഡിറ്റ് ടീമിന് പൂർത്തീകരിക്കാൻ.

## ഓഡിറ്റിന്റെ അനിവാര്യത


ജി.എസ്.ടി.യിൽ പൊതുവേ പരിശോധനകൾ 'ഇൻഹൗസാണ്. വ്യക്തമായ രേഖകളുടെയും അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ റൈഡുകൾ നടക്കുന്നുണ്ട്. എന്നിരുന്നാലും ജി.എസ്.ടി. ഡിപ്പാർട്ട്മെന്റിന്റെ പല പ്രവർത്തനങ്ങളും ജി.എസ്.ടി. ഡിപ്പാർട്ട്മെന്റിന്റെ ഓഫീസുകൾക്കുള്ളിൽ ഓഫീസർമാരുടെ വിവിധ ഗ്രൂപ്പുകൾ വളരെ വിശദമായി തന്നെ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. 'ആർട്ടിഫിഷൽ ഇന്റലിജൻസിന്റെ' (AI) സഹായമൊക്കെ ഉപയോഗിച്ച് സപ്ലയർമാരുടെയും, ഉൽപാദകരുടെയും, ഇറക്കുമതിക്കാരുടെയും, കയറ്റുമതിക്കാരുടെയും, ഡിസ്ട്രിബ്യൂട്ടർമാരുടെയും ഒക്കെ ഡാറ്റകൾ, മറ്റ് പല രീതിയിൽ കിട്ടുന്ന ഡാറ്റകൾ ഇതെല്ലാം ഉപയോഗിച്ച് ജി.എസ്.ടി. ഡിപ്പാർട്ട്മെന്റിന്റെ ഉള്ളിൽ തന്നെ നല്ല രീതിയിൽ വിശകലനങ്ങൾ നടക്കുന്നുണ്ട്. വളരെ വ്യക്തമായ തെളിവുകൾ ഉള്ള വൻതോതിൽ ഉള്ള നികുതി വെട്ടിപ്പിന്റെ കാര്യങ്ങളിലാണ് റെയ്ഡ് അല്ലെങ്കിൽ ഇൻസ്പെക്ഷൻ കാര്യമായി നടക്കുന്നത്. വാഹന പരിശോധനയും ഒരു പരിധിവരെ മുൻകാലങ്ങളെ അപേക്ഷിച്ച് വളരെയേറെ കുറവാണ്. ഇതിനെയെല്ലാം ബഹുദൂരം മറികടക്കുന്ന രീതിയിലാണ് ജി.എസ്.ടി. ഓഡിറ്റ് എന്ന കടമ്പ ബിസിനസുകാർ അതിജീവിക്കേണ്ടത്.

സാധാരണ നിലയിൽ ഓഡിറ്റിന് വിധേയമാക്കുന്ന രേഖകളെല്ലാം വളരെ വിശദമായി തന്നെ ഓഡിറ്റ് ടീം പരിശോധിക്കുകയും ആ രേഖകളുടെ സംക്ഷിപ്ത രൂപങ്ങൾ ഓഡിറ്റ് ടീം സൂക്ഷിക്കുകയും ഓഡിറ്റ് ടീമിന്റെ മേലധികാരികളെ അത് ആവശ്യമെങ്കിൽ ബോധ്യപ്പെടുത്തുകയും ചെയ്യാൻ സാധ്യതയുണ്ട്. നാളെകളിൽ ഏതെങ്കിലും ഒരു അധികാരി അല്ലെങ്കിൽ 'അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് ടീം' ഇവ പരിശോധിക്കപ്പെടുകയാണെങ്കിൽ ഓഡിറ്റ് ചെയ്ത ജി.എസ്.ടി. ഉദ്യോഗസ്ഥന് ബുദ്ധിമുട്ടുകൾ വരാതിരിക്കണമെങ്കിൽ എല്ലാ രേഖകളും ഉദ്യോഗസ്ഥൻ അല്ലെങ്കിൽ ഓഡിറ്റ് ടീം മതിയായ രീതിയിൽ രേഖപ്പെടുത്തേണ്ടതുണ്ട്. ഇതെല്ലാംകൊണ്ട് തന്നെ ഓഡിറ്റ് ടീം വളരെ ജാഗ്രതയോടെയാണ് ഓഡിറ്റു നടത്തുന്നത്. ധാരാളം ഓഡിറ്റ് റിപ്പോർട്ടുകൾ ഈ ലേഖകന് കാണാൻ കഴിഞ്ഞു. നിർഭാഗ്യമെന്ന് പറയട്ടെ ജി.എസ്.ടി. നിയമമനുസരിച്ചുള്ള എല്ലാ രേഖകളും ഹാജരാക്കി എന്നും യാതൊരുവിധ അധിക നികുതി ബാധ്യത ഇല്ല എന്നും സൂചിപ്പിച്ചുകൊണ്ടുള്ള ഒറ്റ ഓഡിറ്റ് റിപ്പോർട്ട് പോലും കേരള ജി.എസ്.ടി. ഡിപ്പാർട്ട്മെന്റിൽ നിന്ന് ഈ ലേഖകന് കാണാൻ കഴിഞ്ഞില്ല. എന്നാൽ വൻ തുകയ്ക്കുള്ള അഡീഷണൽ നിർദേശങ്ങൾ മിക്കവാറും എല്ലാ ഓഡിറ്റ് റിപ്പോർട്ടിലും ഉണ്ട്താനും.

വ്യക്തമായ രീതിയിൽ പ്രത്യേക അക്കൗണ്ടന്റിനെ വച്ച് കണക്കുകൾ മെയിന്റയിൻ ചെയ്യുന്ന വലിയ സ്ഥാപനങ്ങൾക്ക് പോലും ജി.എസ്.ടി. ഓഡിറ്റ്ടീമിൽ നിന്ന് അഡീഷണൽ നികുതി നിർദേശങ്ങൾ കിട്ടാതിരുന്നിട്ടില്ല. അതു കൊണ്ടൊക്കെ തന്നെ ഓഡിറ്റ് എന്ന ജി.എസ്.ടി. ഡിപ്പാർട്ട്മെന്റിന്റെ സെക്ഷൻ 65നെ വളരെ ഗൗരവത്തോടെയും വളരെ ജാഗ്രതയോടെയും ബിസിനസുകാർ കണ്ടേ മതിയാകൂ.

**അസോസിയേഷന്റെ ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ ആണ് ലേഖകൻ**
✆ 98462 27555, 79024 43188, 79070 00401



ആദികേശവൻ.എസ്

ഇത് ഇന്ത്യയുടെ ദശകം മാത്രമല്ല, ഇത് ഇന്ത്യയുടെ നൂറ്റാണ്ട് കൂടി ആയിരിക്കും,' എന്നാണ് അന്താരാഷ്ട്ര മാനേജ്മെന്റ് കൺസൾട്ടൻസിയായ 'മക്കിൻസീ' 3 വർഷം മുമ്പേ തന്നെ പ്രവചിച്ചിരുന്നത്. കോവിഡിന് ശേഷം ഇന്ത്യ കൈക്കൊണ്ട നടപടികളും അതിനെ തുടർന്ന് രാജ്യം ആർജിച്ച സാമ്പത്തിക വളർച്ചയുടെയും അടിസ്ഥാനത്തിൽ ആണ് ഈ പ്രവചനം മക്കിൻസി യുടെ തലവൻ ബോബ് സ്റ്റെർൻഫെൽസ് 2022-ൽ നടത്തിയത്.

അത് കൊണ്ട് തന്നെ ഇന്ത്യ ജപ്പാനിനെ മറികടന്നുകൊണ്ട് ലോകത്തെ നാലാമത്തെ ഏറ്റവും വലിയ സമ്പദ്ഘടനയായി ഉയർന്നിരിക്കുന്നു എന്നുള്ള വാർത്ത ഈ മേഖലയെ നിരീക്ഷിക്കുന്നവർ പ്രതീക്ഷിച്ചതായിരുന്നു. നീതി ആയോഗിന്റെ തലവൻ ബി.വി. സുബ്രമണിയം കഴിഞ്ഞ ദിവസം ഇത് ഒരു പ്രസ്താവനയിൽ പറയുകയുണ്ടായി. നീതി ആയോഗിലെ മെമ്പർ ആയ അരവിന്ദ് വേർമാനി പറയുന്നത് ഈ വർഷാവസാനത്തോട് കൂടി ഇത് സംഭവിക്കും എന്നാണ്. വീക്ഷണത്തിൽ വന്ന ഒരു പൊരുത്തക്കേട് മാത്രം.

അഞ്ചാം സ്ഥാനത്താണോ നാലാം സ്ഥാനത്തെത്തിയോ എന്നുള്ളത് ശരിക്കും പറഞ്ഞാൽ ഒരു പ്രശ്നമേ അല്ല. കാരണം 2027/28 ഓട് കൂടി ഇന്ത്യ ലോകത്തിലെ മൂന്നാമത്തെ ഏറ്റവും വലിയ സാമ്പത്തിക ശക്തിയാവും എന്നുള്ളത് അന്താരാഷ്ട്ര നാണയ നിധി അടക്കമുള്ള ഏജൻസികൾ അംഗീകരിച്ചു കഴിഞ്ഞു. ജർമനിയും ജപ്പാനും ആയിട്ടുള്ള അന്തരം നാമമാത്രം എന്നുള്ളതിലുപരി ഈ രണ്ടു രാജ്യങ്ങളുടെയും വളർച്ച 01 ശതമാനം എന്ന തോതിൽ ആണ്. ഇന്ന് ലോകത്തെ ഏറ്റവും വലുപ്പമുള്ള സമ്പദ്ഘടനകളിൽ വെച്ചേറ്റവും ഉയർന്ന വളർച്ച നിരക്ക് ഇന്ത്യയ്ക്കാനുള്ളത്. ഈ വർഷത്തെ വളർച്ച അനുമാനങ്ങൾ താഴെയുള്ള പട്ടികയിൽ ഒന്ന് നോക്കുക:

| | | |
|---|---|---|
| U.S 1.18% | China 4% | Germany (-) 0.1% |
| Japan 0.6% | India 6.2% | |

എങ്ങനെയാണ് ഇന്ത്യയ്ക്ക് താരതമ്യേന ഉയർന്ന വളർച്ചാ നിരക്ക് നേടുവാൻ സാധിച്ചത്? ഇനിയുള്ള വർഷങ്ങളിലും ഇതേ നിരക്ക് നിലനിറുത്തുവാൻ സാധിക്കുമോ? കൂടാതെ വികസ്വര രാഷ്ട്രത്തിൽ നിന്നും 'വികസിത ഭാരത്' എന്ന ലക്ഷ്യത്തിലേക്കുള്ള യാത്ര എങ്ങനെ നാം ഉറപ്പാക്കും? ഈ ചോദ്യങ്ങൾക്ക് ഇപ്പോൾ പ്രസക്തിയേറുന്നു.

വസ്തുതകളുടെ അടിസ്ഥാനത്തിൽ നോക്കിയാൽ താഴെയുള്ള 10 കാരണങ്ങൾ ഇന്ത്യൻ സമ്പദ്ഘടനയുടെ വളർച്ചക്ക് ആധാരമാണ്.

- തിരിഞ്ഞു നോക്കുമ്പോൾ കോവിഡിനെ തുടർന്ന് കേന്ദ്ര സർക്കാർ എടുത്ത നടപടികളാണ് പ്രധാനമായും ഉയർന്ന വളർച്ചാ നിരക്ക് പെട്ടെന്ന് തന്നെ ഇന്ത്യയ്ക്ക് കൈവരിക്കുവാൻ ആ കാലഘട്ടത്തിൽ ഉതകിയത്. 20 ലക്ഷം കോടി രൂപയുടെ ഉത്തേജന പാക്കേജ് സർക്കാർ പ്രഖ്യാപിച്ചു എന്ന് മാത്രമല്ല ദ്രുതഗതിയിൽ ആ പാക്കേജ് നടപ്പിലാക്കി എന്നുള്ളതും ഓർക്കേണ്ടതുണ്ട്. ഇതിനെ തുടർന്നാണ് 2021-22 സാമ്പത്തിക വർഷത്തിൽ നമുക്ക് 9 ശതമാനത്തിലധികമായ വളർച്ച നേടാൻ സാധിച്ചത്.
- ഈ വളർച്ചാ തിരിച്ചുപിടിക്കൽ മൊത്തത്തിൽ സമ്പദ്ഘടനയുടെ എല്ലാ വിഭാഗങ്ങളുടെയും മനോവീര്യം (മൊറേൽ) ഉയർത്തുവാൻ സഹായിച്ചു. രാഷ്ട്രീയ നേതൃത്വത്തിൽ സാധാരണ ജനങ്ങളുടെയും സംരംഭകരുടെയും വിശ്വാസം (ട്രസ്റ്റ്) ഊട്ടിയുറപ്പിക്കുകയും ചെയ്തു.

# ദേശീയ സാമ്പത്തിക വളർച്ച: മൂന്നാം സ്ഥാനത്തെത്തിയാൽ പിന്നെയെങ്ങോട്ട് ?

സാമ്പത്തിക ശാസ്ത്രം ഈ രണ്ടു ഘടകങ്ങൾക്കും പ്രാധാന്യം നൽകുന്നു. ഒരു പക്ഷെ മറ്റെല്ലാ സൗകര്യങ്ങളുണ്ടെകിലും മനോവീര്യവും വിശ്വാസവുമില്ലെങ്കിൽ ഒരു സമ്പദ്ഘടനയ്ക്കും വളർച്ച തുടർന്ന് നേടാൻ സാധ്യമല്ല. നോബൽ സമ്മാന ജേതാവായ എഡ്മണ്ട് ഫെൽപ്സ് (അമേരിക്ക) പോലെയുള്ളവർ ഇത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

- ഇത് കൂടാതെ തുടർച്ചയായി അന്ന് തൊട്ടുള്ള എല്ലാ കേന്ദ്ര ബജറ്റുകളിലും അടിസ്ഥാന സൗകര്യ വികാസത്തിനായി അഭൂതപൂർവമായ നീക്കിയിരുപ്പ് വരുത്തുകയുണ്ടായി. നീക്കിയിരുത്തി എന്ന് മാത്രമല്ല പറഞ്ഞ തുകകൾ മിക്കവാറും എല്ലാ വർഷവും കേന്ദ്ര സർക്കാർ പദ്ധതികൾക്കായി ചിലവാക്കുകയും ചെയ്തു. അടിസ്ഥാന സൗകര്യങ്ങൾക്കായി കഴിഞ്ഞ നാലു വർഷത്തെ ബജറ്റ് നീക്കിയിരുപ്പിന്റെ കണക്കുനോക്കുക.

| | |
|---|---|
| 2022 | 5.54 ലക്ഷം കോടി രൂപ |
| 2023 | 7.5 ലക്ഷം കോടി രൂപ |
| 2024 | 10 ലക്ഷം കോടി രൂപ |
| 2025 | 11.11ലക്ഷം കോടി രൂപ |

- അസംസ്കൃത എണ്ണയുടെ ഇറക്കുമതി നമ്മെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ചിലവാണ്. പക്ഷെ റഷ്യ ഊക്രൈൻ യുദ്ധത്തിനെ തുടർന്ന് സമർത്ഥമായ വിദേശ നയ ആഖ്യാനത്തിലൂടെ അന്താരാഷ്ട്ര വിപണിയിലെ വിലയിലും താഴ്ന്ന നിരക്കിൽ റഷ്യൻ എണ്ണ ഇന്ത്യ ഇറക്കുമതി ചെയ്തു എന്നുള്ളത് സർക്കാരിന്റെ ചിലവ് കുറയ്ക്കാൻ ഗുണം ചെയ്തു എന്നുള്ളത് ഇതിനകം അംഗീകരിക്കപെട്ട് കഴിഞ്ഞു. വിദേശ നയം ലോകമെമ്പാടും ആദർശ പരിവേഷങ്ങളെല്ലാം കട്ടിൽ പറത്തിക്കൊണ്ട് പ്രായോഗിക തലത്തിലേക്ക് മാറിയപ്പോൾ വരട്ടു ന്യായങ്ങൾ പറയാതെ രാഷ്ട്രത്തിനെന്താണോ ഗുണം അത് ചെയ്തു എന്നുള്ളതിൽ കേന്ദ്ര സർക്കാർ അഭിനന്ദനം അർഹിക്കുന്നു.
- ഇതിന്റെയെല്ലാം ഇടയിൽ സാധാരണക്കാരുടെ ദൈനംദിന പ്രശ്നങ്ങളെ മുൻനിറുത്തി കോവിഡ് സമയത്തു് തുടങ്ങിയ സൗജന്യ അരി വിതരണം എല്ലാ വിഭാഗക്കാർക്കും ലഭ്യമാക്കി എന്നുള്ളത് ജനകീയ നടപടിയായി. ഏകദേശം 82 കോടി ആൾക്കാർക്കു ഇന്നും സൗജന്യമായി റേഷൻ അരി നൽകുന്നു എന്നുള്ളത് നാം ഓർക്കണം. (ഇത് ഏറ്റവും പാവപ്പെട്ടവർക്ക് (മഞ്ഞ, പിങ്ക് കാർഡുകൾക്ക്) മാത്രമാക്കി പരിമിതപ്പെടുത്തിക്കൂടേ എന്നത് ന്യായമായ ചോദ്യമായി ബാക്കി നിൽക്കുന്നു).
- രണ്ടു വർഷം മുമ്പ് സർക്കാർ പ്രഖ്യാപിച്ച പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസെന്റീവ് സ്കീം (ഉൽപാദനാനുബന്ധ പ്രോത്സാഹന പദ്ധതി) ചില മേഖലകളിൽ എങ്കിലും വലിയ മാറ്റങ്ങൾ ഉണ്ടാക്കി. ഉദാഹരണമായി അമേരിക്കയിലേക്ക് ആപ്പിൾ ഐ ഫോൺ കയറ്റുമതി ഇന്ത്യയിൽ നിന്നും തുടങ്ങി. കൂടാതെ ഈ പദ്ധതി മരുന്നുൽപാദന രംഗത്തും വലിയ മാറ്റം കൊണ്ടുവന്നു. (13 മേഖലകളിൽ ഉത്പാദകർക്ക് 2 ലക്ഷം കോടിയോളം നൽകാനുള്ള പദ്ധതിയാണ് പി.എൽ.ഐ. പദ്ധതി).
- സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിൽ കൊണ്ടുവന്ന മാറ്റങ്ങൾ വിപ്ലവകരം എന്ന് പറയാം. ഇത് മൂലം ഇന്ന് 500 കോടി രൂപ വരെ വിറ്റുവരവുള്ള യൂണിറ്റുകൾ എം.എസ്.എം.ഇ. വിഭാഗത്തിൽപ്പെടുന്നു, അവയുടെ മെഷിനറി മുതലായവയിൽ ഉള്ള നിക്ഷേപം125 കോടി രൂപയ്ക്കാകാത്തതാണെങ്കിൽ വമ്പൻ കമ്പനികൾ അല്ലാത്ത ഒട്ടുമുക്കാൽ സംരംഭങ്ങളും അങ്ങനെ' മുൻഗണന വായ്പ' പരിധിയിൽ വന്നിട്ടുണ്ട് ഇപ്പോൾ.
- നികുതി പിരിവിലാകട്ടെ വളരെയധികം കാര്യക്ഷമത സർക്കാരിന് കൊണ്ടുവരാൻ സാധിച്ചു. കഴിഞ്ഞ കുറെ വർഷങ്ങളായി ബഡ്ജറ്റിൽ എത്ര തുകയാണോ പ്രതീക്ഷിച്ചത് അത്രയും തന്നെ തുക നികുതി വഴി പിരിച്ചെടുക്കാൻ സർക്കാരിന് സാധിച്ചു എന്നുള്ളത് ബഡ്ജറ്റിന്റെ തന്നെ വിശ്വാസ്യത വർധിപ്പിച്ചു. സംരംഭകരുടെ സർക്കാർ നടപടികളിലുള്ള വിശ്വാസം വർധിച്ചു.
- ഡിഫെൻസ് രംഗത്ത് സ്വയം പര്യാപ്തതയ്ക്കുള്ള ഊന്നൽ രാജ്യത്തിന്റെ അകത്തുള്ള ഉത്പാദനം വർധിപ്പിച്ചു എന്ന് മാത്രമല്ല ഇന്ത്യ ഡിഫെൻസ് രംഗത്ത് കയറ്റുമതി ചെയ്യാനും തുടങ്ങി. ഏകദേശം 25,000 കോടി രൂപയുടെ കയറ്റുമതി ഈ രംഗത്തുണ്ട് ഇപ്പോൾ. കഴിഞ്ഞ ദശകത്തിൽ പോലും നാമമാത്രമായിരുന്നു ഈ മേഖലയിലെ കയറ്റുമതി.
- കാർഷിക മേഖലയിൽ ഒരു പ്രധാനപ്പെട്ട മാറ്റം

അരി, ഗോതമ്പ് എന്നിവ കൂടാതെയുള്ള വിളകളുടെ സംഭരണം കാര്യക്ഷമമായി നടത്തുവാനുള്ള നടപടികൾ ഫലം കണ്ടു. ഫുഡ് കോർപറേഷൻ നേരത്തെ നടത്തിയിരുന്ന അരി, ഗോതമ്പ് സംഭരണം കൂടാതെ ഇപ്പോൾ നാഫെഡ് പോലെയുള്ള ഏജൻസികൾ വഴി സവാള, ഉരുളക്കിഴങ്ങ് മുതലായ കാർഷിക ഉൽപ്പന്നങ്ങളും ഇപ്പോൾ കാര്യക്ഷമമായി സംഭരിക്കുവാൻ തുടങ്ങിയിട്ടുണ്ട്. ഇത് മൂലം കർഷകർക്ക് വരുമാനം ഉറപ്പ് വരുത്തി എന്ന് മാത്രമല്ല സംഭരിച്ച വിളകളുപയോഗിച് വിപണിയിലെ വില ഉപഭോക്താക്കൾക്കനുകൂലമായി നിയന്ത്രിക്കുവാനും സർക്കാരിന് സാധിച്ചു. രാജ്യത്തെ വിലക്കയറ്റം പരിധി വിട്ടു പോകാത്തതിന്റെ പ്രധാന കാരണം ഈ ഒരു സമീപനമാണ്.

മേൽപ്പറഞ്ഞ നേട്ടങ്ങളുടെ അർഥം നമ്മുടെ രാജ്യം ഉദ്ദേശിക്കുന്ന സാമ്പത്തിക ലക്ഷ്യങ്ങളെല്ലാം നിറവേറ്റി എന്നല്ല. വസ്തുതകൾ തെളിയിക്കുന്നത് സർക്കാർ ലക്ഷ്യബോധത്തോടെ പ്രവർത്തിക്കുന്നു എന്നാണ്.

വ്യക്തമായിട്ടും ഇനിയും എത്രയോ കാതം മുന്നോട്ടു പോകാനുണ്ട് 'വികസിത ഭാരതം' എന്ന ലക്ഷ്യത്തിൽ എത്താൻ. മൂന്നാം സ്ഥാനത്തെത്തുമ്പോഴും നമ്മുടെ ആളോഹരി വരുമാനം (പെർ ക്യാപിറ്റ ജി.ഡി.പി.) വികസിത നിലവാരത്തിലേക്കെത്തും എന്ന് പറയാൻ കഴിയില്ല . ഇനി 20 വർഷത്തേയ്ക്കെങ്കിലും 7/8 ശതമാനം തുടർച്ചയായി വളർച്ച കൈവരിക്കേണ്ട ആവശ്യം രാജ്യത്തിനുണ്ട്.

രാജ്യത്തെ സമ്പദ്ഘടനയെ സംബന്ധിച്ച ഏറ്റവും ഗുണപരമായ കാര്യം രാഷ്ട്രീയ സ്ഥിരതയും, നടപടികളിലെ ദൃഢതയും, 'രാഷ്ട്രം ആദ്യം' എന്ന കാഴ്ചപ്പാടും, തീരുമാനങ്ങൾ നടപ്പിലാക്കാനുള്ള സർക്കാരിന്റെ ഇച്ഛാശക്തിയുമാണ്. ഇവയുള്ളിടത്തോളം ഇന്ത്യയുടെ സാമ്പത്തിക വളർച്ച നാം ഉറ്റുനോക്കുന്ന ലക്ഷ്യ സ്ഥാനത്തേക്ക് തന്നെയായിരിക്കും.■

**എസ്.ബി.ഐ. മുൻ ഡെപ്യൂട്ടി ജനറൽ മാനേജർ ആണ് ലേഖകൻ**

# ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രീയൽ എക്സ്പോ 2026 അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ വച്ച് സംഘടിപ്പിക്കുന്നു

കെ.എസ്.എസ്.ഐ.എ.യും, മെട്രോ മാർട്ടും സംയുക്തമായി 2026 ജനുവരി 16,17,18 തീയതികളിൽ അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ വച്ച് നടത്താൻ തീരുമാനിച്ച വിവരം എല്ലാവരേയും അറിയിക്കുന്നു. ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ 2024 ഒരു ചരിത്ര സംഭവമായി മാറി. കേരളത്തിന്റെ വ്യാവസായിക ചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്തുന്ന രീതിയിലായിരുന്നു ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോയുടെ വിജയം. അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചിട്ടുള്ള യന്ത്രങ്ങൾക്ക് പ്രാമുഖ്യം നൽകി കൊണ്ട് നടത്തിയതാണ് ഈ പ്രദർശന മേള. ഇതിലും അതിഗംഭീരമായി ഒരുപാട് മാറ്റങ്ങളോടെയും, പുതിയ പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള മെഷിനറികൾക്കും മറ്റും പ്രാമുഖ്യം നല്കി കൊണ്ടായിരിക്കും 2026ൽ ഈ എക്സ്പോ സംഘടിപ്പിക്കുന്നത്. പ്രസ്തുത എക്സ്പോയ്ക്ക് എല്ലാവരും സഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.■

Organizers
KSSiA THE KERALA STATE SMALL INDUSTRIES ASSOCIATION | METRO mart

India International INDUSTRIAL EXPO IIIE 2026
Accelerating Industry Growth

2026 JANUARY
16 17 18
ADLUX INTERNATIONAL CONVENTION CENTRE
KOCHI | KERALA | INDIA



KSSIA NEWS
JUNE 2025



# മറൈൻ ഇൻഷുറൻസ്



വിശ്വനാഥൻ ഒടാട്ട്

ഈയിടെയായി കപ്പൽ അപകടങ്ങൾ കൂടുതലായി കണ്ടു വരുന്നുണ്ട്. ഇന്ത്യയും വിവിധ ലോകരാജ്യങ്ങളും തമ്മിലുള്ള വാണിജ്യ ഇടപാടുകൾക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ആഗോളവൽക്കരണം ഇടപാടുകളുടെ വ്യാപ്തി കൂട്ടാൻ സഹായകമായി. കയറ്റുമതിയും, ഇറക്കുമതിയും ഏറ്റവും കൂടുതൽ കടൽ മാർഗ്ഗമാണ് ചെയ്യുന്നത്. കൂടാതെ കരമാർഗ്ഗമായി റെയിൽ, റോഡ്, പോസ്റ്റ്ഓഫീസ്, പാർസൽ സർവ്വീസ് എന്നിങ്ങനെയും വ്യോമ മാർഗ്ഗമായും സാധനങ്ങൾ കയറ്റിറക്കുമതി ചെയ്യുന്നുണ്ട്. ഇന്ന് ലോകത്തിന്റെ ഏത് 'ഭാഗത്തുള്ള സാധനങ്ങൾ ആയാലും വളരെ പെട്ടെന്ന് ലക്ഷ്യസ്ഥലങ്ങളിലേക്ക് എത്തിക്കുവാൻ ഇത്തരം സംവിധാനങ്ങൾ സഹായകരമാണ്. ഇങ്ങിനെ സാധനങ്ങൾ അയക്കുമ്പോൾ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്കുള്ള പരിഹാരമാണ് മറൈൻ ഇൻഷുറൻസ്.

മറൈൻ ഇൻഷുറൻസിനെ രണ്ടായി തരംതിരിക്കാം.

- **മറൈൻ ഹൾ** (യാത്ര ബോട്ടുകൾ, മത്സ്യബന്ധന ബോട്ടുകൾ, വിവിധതരം കപ്പലുകൾ എന്നിവ ഈ വിഭാഗത്തിൽപെടുന്നു).
- **മറൈൻ കാർഗോ കണ്ടയ്നർ** (സാധന സാമഗ്രികൾ, ചരക്കുകൾ (കച്ചവട വസ്തുക്കൾ) എന്നിവ മാത്രം വഹിച്ചുകൊണ്ടുപോകുന്ന ചരക്കു കപ്പൽ).

മറൈൻ കാർഗോ ഇൻഷുറൻസിൽ കയറ്റുമതി ചെയ്യുമ്പോഴും ഇറക്കുമതി ചെയ്യുമ്പോഴും സാധനങ്ങൾ അഥവാ ചരക്കുകൾക്ക് അപ്രതീക്ഷിതമായി ഉണ്ടായേക്കാവുന്ന തീപിടുത്തം, പൊട്ടിത്തെറി, കപ്പൽതീരത്ത് കുടുങ്ങിപ്പോവുക, വെള്ളത്തിൽ മുങ്ങുക, കപ്പലുകൾ കൂട്ടിയിടിക്കുക, മറിയുക, തീവണ്ടി പാളംതെറ്റുക, അപകടഘട്ടങ്ങളിൽ കപ്പലിൽ നിന്നും ചരക്കുകൾ കടലിലെറിയുക, കടൽ വെള്ളം ഇരച്ചുകയറി സാധനങ്ങൾ കേടുവരിക, കയറ്റിറക്കസമയത്തുണ്ടാവുന്ന നാശനഷ്ടങ്ങൾ മുതലായ റിസ്കുകൾക്കാണ് സംരക്ഷണം നൽകുന്നത്. കയറ്റുമതി/ഇറക്കുമതിചെയ്യുന്നവർ മറൈൻ ഓപ്പൺ കവർ പോളിസിയാണ് സാധാരണയായി തിരഞ്ഞെടുക്കുക. ഇപ്രകാരം ഒരു വർഷത്തേക്ക് ഇൻഷുർ ചെയ്താൽ അയക്കുന്ന ചരക്കുകൾ ഇൻഷുർ ചെയ്ത തുക വരെ പണം അടക്കാതെ സ്വാഭാവികമായി ഇൻഷുർ ചെയ്ത് സംരക്ഷിക്കാനാകും. നമ്മുടെ രാജ്യത്തിനകത്ത് ചരക്കുകൾ അയക്കുന്നവർ മറൈൻ ഓപ്പൺ പോളിസിയാണ് എടുക്കുന്നത്. എപ്പോഴെങ്കിലും ഒറ്റത്തവണയായി ചരക്കുകൾ അയക്കുന്നവർക്കും അതിന്റെ വിശദ വിവരങ്ങൾ കാണിച്ച് പ്രത്യേകം പോളിസി എടുക്കാവുന്നതാണ്. ജലാശയങ്ങളിൽ കണ്ടുവരുന്ന നാടൻ തോണികൾ, ബോട്ടുകൾ, വള്ളങ്ങൾ മുതൽ കപ്പലുകൾ വരെ ഇൻഷുർ ചെയ്യുന്നത് മറൈൻ ഹൾ പോളിസികളിലാണ്. കടലിൽ നിന്നോ, ജലാശയത്തിൽ നിന്നോ ഉണ്ടായേക്കാവുന്ന നാശനഷ്ടങ്ങളാണ് ഇതിൽ കവർ ചെയ്യുക. തീപിടുത്തം, പൊട്ടിത്തെറി, കടൽകൊള്ള, കപ്പൽ തീരത്ത് ഇടിക്കുക, വിമാനം/റോക്കറ്റ് എന്നിവ മൂലമുള്ള നാശനഷ്ടം, ഭൂമികുലുക്കം, കടലിലെ തിരമാല മൂലമുള്ള നാശനഷ്ടം, ഇടിമിന്നൽ, ബോയിലർ പൊട്ടിത്തെറിച്ചുണ്ടാവുന്ന നഷ്ടങ്ങൾ, കപ്പലിലെ ജീവനക്കാരുടെ അശ്രദ്ധ മൂലമുണ്ടാവുന്ന നാശനഷ്ടങ്ങൾ എന്നിവ ഇതിൽ കവർചെയ്യുന്നുണ്ട്. കപ്പലുകൾ കൂട്ടിയിടിക്കുക, മറ്റു കപ്പലിലെ ജീവനക്കാർക്ക് ജീവഹാനി/പരിക്ക് എന്നിവ സംഭവിക്കുക എന്നിവയും ഇതിലൂടെ സംരക്ഷിക്കപ്പെടുന്നു.

കപ്പലിനു പുറമെ ഇതിൽകൊണ്ടുപോകുന്ന സാധനങ്ങളും ഇൻഷുർ ചെയ്യാവുന്നതാണ്. നിർമ്മാണത്തിലിരിക്കുന്ന ബോട്ടുകൾ/കപ്പലുകൾ എന്നിവയും നിർമ്മാണഘട്ടത്തിൽ സംഭവിച്ചേക്കാവുന്ന റിസ്കുകളും ഇതിലൂടെ കവർ ചെയ്യാം. ഉൽപാദനമേഖല, കാർഷികമേഖല, മത്സ്യബന്ധനമേഖല, വ്യാപാരികൾ, കയറ്റുമതിക്കാർ, ഇറക്കുമതിക്കാർ എന്നിവർക്കാണ് ഇത്തരം പോളിസികൾ ഏറ്റവുമധികം ആവശ്യമായി വരുന്നത്. ഒരുകുടുംബത്തിനാകട്ടെ, വീട്ടുസാധനങ്ങൾ ഒരുസ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് ഷിഫ്റ്റ് ചെയ്യുമ്പോൾ മറൈൻ കാർഗോ പോളിസി എടുത്ത് സംരക്ഷിക്കാവുന്നതാണ്. ലോകത്തിലെ ഏറ്റവും പഴക്കം ചെന്ന ഇൻഷുറൻസ് ആണ് മറൈൻ ഇൻഷുറൻസ്. ഏറ്റവും കുറഞ്ഞ ചിലവിൽ സാധനങ്ങൾ കൊണ്ടുപോകുമ്പോൾ അത് ലക്ഷ്യസ്ഥാനത്ത് സുരക്ഷിതമായി എത്തണമെന്നത് അനിവാര്യമാണ്. കൃത്യസമയത്തും, കൃത്യസ്ഥലത്തും സാധനങ്ങൾക്ക് നാശനഷ്ടങ്ങൾ സംഭവിക്കാതിരിക്കാൻ ഇത്തരം മറൈൻ പോളിസികൾ സഹായകരമായിരിക്കും.■

**മാനേജിംഗ് ഡയറക്ടർ, എയിംസ് ഇൻഷുറൻസ് ബ്രോക്കിംങ് കമ്പനി, ഫോൺ: 9895768333**
**ഇ-മെയിൽ: odatt@aimsinsurance.in**


# കുറഞ്ഞ പലിശയിൽ ലഭിക്കുന്ന സംരംഭ വായ്പകൾ



ടി.എസ്. ചന്ദ്രൻ

സംരംഭകരെ സംബന്ധിച്ച് ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭിക്കുക എന്നത് വളരെ പ്രധാനമാണ്. സൂക്ഷ്മ ചെറുകിട വ്യവസായ മേഖലയിൽ വളരെ കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്ന 10 പദ്ധതികളാണ് ചുവടെ ചേർക്കുന്നത്.


## 1) ഒരു ഭവനം ഒരു സംരംഭം




മുദ്ര യോജന ഉൾപ്പെടെ ഏത് പദ്ധതി പ്രകാരം വായ്പയെടുത്താലും ആറു ശതമാനം വരെ പലിശ തിരികെ നൽകുന്ന ഒരു പദ്ധതിയാണ് ഒരു ഭവനം ഒരു സംരംഭം. ഇത് സംസ്ഥാന സർക്കാർ വ്യവസായ വാണിജ്യ വകുപ്പു വഴി നടപ്പാക്കിവരുന്ന പദ്ധതിയാണ്. 10 ലക്ഷം രൂപ വരെയുള്ള തുകയ്ക്ക് മാത്രമേ പലിശ ഇളവ് ലഭിക്കുകയുള്ളൂ. 6 ശതമാനമാണ് പലിശ ഇളവ്. ഓരോ ആറുമാസം കൂടുമ്പോഴും ഈ പലിശ ഇളവ് ലഭിച്ചുകൊണ്ടിരിക്കും. അഞ്ചു വർഷം തുടർച്ചയായി ഇത് കിട്ടും.

## 2) സി.എം.ഇ.ഡി.പി. (ചീഫ് മിനിസ്റ്റേഴ്സ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാം)

മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടി എന്ന ഒരു പദ്ധതി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ആണ് നടപ്പാക്കി വരുന്നത്. 5 കോടി രൂപ വരെയുള്ള വായ്പകൾ 5% പലിശയ്ക്ക് ലഭ്യമാക്കുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ആകർഷകത്വം. സമയമായ വായ്പയ്ക്കും പ്രവർത്തന മൂലധന വായ്പയ്ക്കും ഇത് ലഭിക്കും.





## 3) കാംസ് KFC Agro Based MSM Scheme




കാർഷിക ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉള്ള വായ്പ പദ്ധതിയാണ് ഇത്. വളരെ കുറഞ്ഞ നിരക്കിൽ വായ്പ കൊടുക്കുന്ന ഒരു പദ്ധതി കൂടിയാണ് ഇത്. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ആണ് പദ്ധതി നടപ്പിലാക്കുന്നത്. 10 കോടി രൂപവരെ ആറു ശതമാനം പലിശയ്ക്ക് ലഭ്യമാക്കുന്നു എന്നതാണ് പ്രത്യേകത. കാർഷിക ഭക്ഷ്യ സംരംഭങ്ങൾ ഈ പദ്ധതി പ്രകാരം വായ്പ ലഭ്യമാക്കുക.

## 4) മിഷൻ 1000




കേരളത്തിലെ വ്യവസായ വകുപ്പ് ലിസ്റ്റ് ചെയ്തിട്ടുള്ള സംരംഭങ്ങൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. മിഷൻ 1000 എന്ന പേരിൽ പലിശ ഇളവ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്ന ഒരു പദ്ധതി സംസ്ഥാന സർക്കാർ വ്യവസായ വകുപ്പ് വഴി നടപ്പാക്കി വരുന്നു. 50 ശതമാനം പലിശ സബ്സിഡി പരമാവധി 50 ലക്ഷം രൂപ വരെ ഈ പദ്ധതി പ്രകാരം നൽകുന്നതാണ്. സ്ഥാപനത്തിന്റെ ഉൽപാദനശേഷി ഉയർത്തുന്നതിനുള്ള പദ്ധതിയായാണ് ഇത് നടപ്പാക്കി വരുന്നത്.

## 5) നോർക്ക റൂട്ട്സിന്റെ എൻ.ഡി.പി.ആർ.എം.





നോർക്ക റൂട്ട്സ് വഴി നടപ്പാക്കിവരുന്ന വായ്പ പദ്ധതിയാണ് എൻ.ഡി.പി.ആർ.എം. (നോർക്ക ഡിപ്പാർട്ട് മെന്റ് പ്രോജക്ട് ഫോർ റിട്ടേൺസ് എമിഗ്രൻസ്). ഈ പദ്ധതി പ്രകാരം 30 ലക്ഷം രൂപ വരെ ഇപ്പോൾ ബാങ്ക് വഴി വായ്പ ലഭിക്കുന്നുണ്ട്. ഈ വായ്പയുടെ മൂന്ന് ശതമാനം പലിശ തിരികെ നൽകുന്നു എന്നതാണ് ആകർഷകത്വം. ആദ്യത്തെ 4 വർഷമാണ് ഇങ്ങനെ നൽകുക. നോർക്ക റൂട്ട്സിനെയാണ് ഇതിന് ബന്ധപ്പെടേണ്ടത്.

## 6) വി മിഷൻ വായ്പ




ഇപ്പോൾ 50 ലക്ഷം രൂപ വരെ വി മിഷൻ പദ്ധതി പ്രകാരം വനിതാ സംരംഭകർക്ക് വായ്പ നൽകി വരുന്നുണ്ട്. 51 ശതമാനമോ അതിൽ കൂടുതലോ വനിതകൾക്ക് പങ്കാളിത്തമുള്ള സംരംഭങ്ങൾക്ക് ഇതിന് അർഹതയുണ്ട്. വ്യാപാര സ്ഥാപനങ്ങൾക്ക് അർഹതയില്ല. ഏഴ് ശതമാനം പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നു. കെ.എസ്.ഐ.ഡി.സി. ആണ് പദ്ധതി നടപ്പിലാക്കുന്നത്.

### 7) പ്രവാസി ഭദ്രത മെഗാ





പ്രവാസി സംരംഭകർക്കായി കെ.എസ്.ഐ.ഡി.സി. നടപ്പാക്കിവരുന്ന ഒരു വായ്പ പദ്ധതിയാണ് ഇത്. 2 ലക്ഷം മുതൽ രണ്ട് കോടി രൂപ വരെയുള്ള വായ്പകളാണ് ഈ പദ്ധതി പ്രകാരം നൽകുന്നത്. 8.75% പലിശയാണ് വായ്പയ്ക്ക് നൽകേണ്ടത്.

### 8) സി.എം. സ്പെഷ്യൽ അസിസ്റ്റൻറ്സ് സ്കീം




മുഖ്യമന്ത്രിയുടെ പ്രത്യേക ധനസഹായ പദ്ധതി പ്രകാരം ഒരുകോടി രൂപ മുതൽ 5 കോടി രൂപ വരെ വായ്പ ലഭിക്കും. ഇതിന്റെ പലിശ നിരക്ക് 5.50% മാത്രമാണ്. സർക്കാരിൽ നിന്നുള്ള മൂന്നു ശതമാനം പലിശ ഇളവിന് ശേഷമുള്ള നിരക്കാണ് ഇത്. കൃത്യമായി തിരിച്ചടവിന് 0.5% പലിശ ഇളവ് വീണ്ടും ലഭിക്കും. 60 വയസ്സിൽ താഴെയുള്ള സംരംഭകർക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ള സംരംഭങ്ങൾ വിപുലീകരിക്കുന്നതിനും ഈ വായ്പ പദ്ധതി ലഭ്യമാണ്. കെ.എസ്. ഐ.ഡി.സി. വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

### 9) നാഷണൽ അഗ്രികൾച്ചർ ഇൻഫ്രാ ഫെസിലിറ്റി (NAIF)




കേന്ദ്ര കൃഷികർഷക ക്ഷേമ മന്ത്രാലയം നടപ്പാക്കിവരുന്ന ഒരു പദ്ധതിയാണ് ഇത്. 2033 വരെ പദ്ധതി പ്രാബല്യത്തിൽ ഉണ്ടാകും. ഇത് പ്രകാരം രണ്ട് കോടി രൂപവരെ സെക്യൂരിറ്റി നൽകാതെ തന്നെ സംരംഭകർക്ക് വായ്പയായി ലഭിക്കുന്നു. ഇങ്ങനെ വായ്പ എടുക്കുന്ന സംരംഭകർക്ക് മൂന്ന് ശതമാനം പലിശ സബ്സിഡിയും നൽകിവരുന്നു. രണ്ട് കോടി രൂപ വരെയുള്ള വായ്പയ്ക്കാണ് പലിശ ഇളവ്. ഏഴുവർഷം വരെ ഈ സഹായം ലഭിക്കുന്നതിനുള്ള സൗകര്യവും ഉണ്ടാകും. കാർഷിക അധിഷ്ഠിത ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ആനുകൂല്യം. ജൈവ ഉത്പന്ന നിർമ്മാണം, ജൈവ ഉത്തേജക ഉത്പന്നങ്ങൾ, നേഴ്സറി, ടിഷ്യു, വിത്ത് സംസ്കരണം, ഓട്ടോമേഷനും ഡ്രോണുകളും നിർമ്മിത ബുദ്ധിയും ഉപയോഗപ്പെടുത്തിയുള്ള സംരംഭങ്ങൾ, ലോജിസ്റ്റിക്, സപ്ലൈ ചെയിൻ, കോൾഡ് സ്റ്റോറേജ്, പാക്കേജിങ്, ധാന്യങ്ങളുടെ പ്രാഥമിക സംസ്കരണം തുടങ്ങിയ നിരവധി സംരംഭങ്ങൾക്ക് ഇതുപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കും. agriinfra.dac.gov.in എന്ന വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കാം. ഇതിൽ പറയുന്ന രേഖകളും സമർപ്പിക്കണം.

### 10) കോർപ്പറേഷൻ വായ്പകൾ




വനിതാ വികസന കോർപ്പറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, മുന്നാക്ക ക്ഷേമ കോർപ്പറേഷൻ, പട്ടികജാതി/വർഗ്ഗ ക്ഷേമ കോർപ്പറേഷൻ തുടങ്ങിയ കോർപ്പറേഷനുകൾ വഴിയും കുറഞ്ഞ നിരക്കിൽ സംരംഭ വായ്പകൾ നൽകി വരുന്നുണ്ട്. അഞ്ചു മുതൽ 8 ശതമാനം വരെ പലിശ നിരക്കിൽ ഇത്തരം കോർപ്പറേഷനുകളിൽ നിന്നും വായ്പ ലഭിക്കും.

സെക്യൂരിറ്റി നൽകാതെ ലഭിക്കുന്ന വായ്പകൾ ഉണ്ട്. എങ്കിലും ചില സ്കീമുകളിൽ സെക്യൂരിറ്റി നൽകേണ്ടിവരും. അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട് ധനകാര്യ സ്ഥാപനവുമായി ആലോചിച്ച് വേണം തീരുമാനമെടുക്കാൻ.■

**സംസ്ഥാന വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ.**

## കിൻഫ്രയുടെ പുതിയ വ്യവസായ പാർക്ക് ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം കിൻഫ്രയുടെ മിനി ഇൻഡസ്ട്രിയൽ പാർക്ക് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു രജിസ്റ്റർ ചെയ്തിട്ടുള്ള സംരംഭങ്ങൾക്കുള്ള സമ്മതപത്രം ചടങ്ങിൽ വെച്ച് മന്ത്രി കൈമാറി. മലിനീകരണം ഇല്ലാത്ത ജനറൽ കാറ്റഗറിയിലുള്ള വ്യവസായങ്ങൾക്കുള്ള ഈ പാർക്കിൽ പ്രതിരോധം, എയ്റോസപേയ്സ്, ഫുഡ്, ലോജിസ്റ്റിക, ഹാർഡ്‌വെയർ, ഫർണിച്ചർ തുടങ്ങി വിവിധ മേഖലകളിലായി 18 വ്യവസായങ്ങൾ ആണ് ഈ പാർക്കിൽ പ്രവർത്തനം ആരംഭിക്കുന്നത്. 350 ഓളം തൊഴിൽ സൗകര്യങ്ങൾ സൃഷ്ടിക്കുന്ന ഈ പാർക്കിലെ നിക്ഷേപം 50 കോടിയിൽ അധികം വരും. റോഡ, ജലവിതരണം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.■





## ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമം കരുത്തായി

# നിക്ഷേപ വാഗ്ദാനങ്ങൾ യാഥാർത്ഥ്യമാക്കി കേരളം കുതിക്കുന്നു


മിർ മുഹമ്മദ് അലി ഐ.എ.എസ്

വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷൻ (കെ.എസ്.ഐ.ഡി.സി.) സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമം (ഐ.കെ.ജി.എസ്. 2025), നിക്ഷേപ സൗഹൃദമായ കേരളത്തിന്റെ വികസന കാഴ്ചപ്പാടുകളെ ലോകത്തിനു മുന്നിൽ അവതരിപ്പിക്കാൻ സംസ്ഥാന സർക്കാർ നടത്തുന്ന ശ്രമങ്ങൾക്ക് അന്തരാഷ്ട്രതലത്തിൽ മികച്ച അംഗീകാരം നേടിക്കൊടുത്തു. കൊച്ചിയിൽ നടന്ന ദ്വിദിന സംഗമം വ്യവസായ രംഗത്തെ കേരളത്തിന്റെ മുന്നേറ്റങ്ങൾക്ക് നാഴികക്കല്ലായി മാറി. സർക്കാർ മാത്രമല്ല, പ്രതിപക്ഷവും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും രാജ്യത്തിന് പുറത്തും അകത്തുമുള്ള നിക്ഷേപകരുമടക്കം നാടിന്റെ പുരോഗതിക്കായി ഒരുമിച്ച് നില കൊണ്ട ധന്യ മുഹൂർത്തത്തിനാണ് ഈ സംഗമം സാക്ഷിയായത്.

25 ലധികം രാജ്യങ്ങളിൽ നിന്നുള്ള 4,500ത്തിലധികം പ്രതിനിധികൾ പങ്കെടുത്ത ഐ.കെ.ജി.എസ്. 2025, ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ, വ്യവസായം 4.0, ഉത്തരവാദിത്വമുള്ള നിക്ഷേപം എന്നിവയെ അടിസ്ഥാനമാക്കിയാണ് സംഘടിപ്പിച്ചത്. 22 മുൻഗണനാ വ്യവസായ മേഖലകൾ കേന്ദ്രീകരിച്ച് നടത്തിയ സെഷനുകൾ, ആറ് രാജ്യങ്ങൾക്കായി പ്രത്യേകം സംഘടിപ്പിച്ച സെഷനുകൾ, ബിസിനസ് ടു ബിസിനസ്, ബിസിനസ് ടു ഗവൺമെന്റ് ചർച്ചകൾ, കൂടാതെ ഉത്ഘാടനവും സമാപനവും ഉൾപ്പെടെ രണ്ട് പ്രാഥമിക സെഷനുകൾ എന്നിവകൊണ്ട് നിക്ഷേപക സംഗമം വ്യത്യസ്തമായി. ജീവശാസ്ത്രം, ഐ.ടി./ഐ.ടി.ഇ.എസ്., പുനരുപയോഗ ഊർജം, ടൂറിസം എന്നിവയുൾപ്പെടെ ഉയർന്ന സാധ്യതയുള്ള മേഖലകളിലെ നിക്ഷേപ സാധ്യതകൾ കണ്ടെത്താനുള്ള മികച്ച വേദിയായി സംഗമം മാറി. സംഗമത്തിന്റെ വിജയത്തിനാധാരമായി വിവിധ കമ്പനികളിൽ നിന്ന് 1,90,000 കോടിയിലധികം മൂല്യമുള്ള 420 നിക്ഷേപ വാഗ്ദാനം ലഭിച്ചു. ഒരുലക്ഷത്തിലധികം തൊഴിൽ അവസരങ്ങളാണ് ഈ നിക്ഷേപങ്ങൾ കൊണ്ട് സംസ്ഥാനത്ത് സൃഷ്ടിക്കാൻ സാധിക്കുക. പ്രത്യേകിച്ച്, 29 ഐ.ടി./ഐ.ടി.ഇ.എസ്. കമ്പനികൾ 9,300 കോടി മൂല്യമുള്ള നിക്ഷേപം നടത്താൻ തീരുമാനിച്ചു. ഇതുവഴി 60,000ത്തോളം പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ തയ്യാറാണെന്ന് ഈ കമ്പനികൾ പ്രഖ്യാപിക്കുകയും ചെയ്തു.

30,000 കോടിയുടെ ധാരണാപത്രമാണ് അദാനി ഗ്രൂപ്പ് മാത്രം ഒപ്പിട്ടത്. കേരളം വ്യവസായ സൗഹൃദമാണെന്ന അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള വലിയ നിക്ഷേപത്തിന് അദാനി ഗ്രൂപ്പ് തയ്യാറായത്. നിക്ഷേപക സംഗമത്തിൽ ഏറ്റവും വലിയ നിക്ഷേപ വാഗ്ദാനം നടത്തിയതും അദാനി ഗ്രൂപ്പാണ്. ചെറുതും വലുതുമായി 400 ലധികം കമ്പനികളാണ് കേരളത്തിൽ നിക്ഷേപത്തിന് തയ്യാറായിരിക്കുന്നത്. ഇതിൽ 60 ശതമാനം കമ്പനികൾ പദ്ധതികൾ തുടങ്ങിയാൽത്തന്നെ സംസ്ഥാനത്ത് ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും.

വാഗ്ദാനം ചെയ്യപ്പെട്ട പദ്ധതികളിൽ മിക്കവയും യാഥാർത്ഥ്യമാക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. ഈ മുന്നേറ്റം കേരളത്തെ സംബന്ധിച്ച് ഒരു വലിയ നിക്ഷേപക വിജയമായി





മാറും. കേരളത്തിലെത്തുന്ന നിക്ഷേപകരെ കാത്തിരിക്കുന്നത് ചുവപ്പു നാടയല്ല, ഊഷ്മളമായ സ്വീകരണമാണ് എന്ന ഉറപ്പ് നിക്ഷേപക സംഗമം ഉദ്ഘാടനം ചെയ്തുകൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ നൽകി. ഈ വാഗ്ദാനം നൂറു ശതമാനവും പാലിക്കാൻ സർക്കാർ സംവിധാനങ്ങൾ പരിശ്രമിക്കുകയാണിപ്പോൾ. സംസ്ഥാനത്തിനുമേൽ ആരോപിക്കപ്പെട്ടിരുന്ന വികസന വിരുദ്ധ നിലപാട് ദൂരീകരിക്കാൻ നിക്ഷേപക സംഗമത്തിനായിട്ടുണ്ട്. നിക്ഷേപകർ തന്നെ കേരളത്തിന്റെ ബ്രാൻഡ് അംബാസഡർമാരാകുന്ന കാലം വിദൂരമല്ല എന്ന ശുഭപ്രതീക്ഷയാണ് ഇപ്പോൾ സംസ്ഥാനത്തിനുള്ളത്.

താത്പര്യം അറിയിച്ച വാഗ്ദാനങ്ങളിൽ അറുപത് ശതമാനത്തിലേറെ യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നാണ് വ്യവസായവകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പറഞ്ഞത്. പ്രതിപക്ഷ കക്ഷികളുടെയും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെയും പങ്കാളിത്തം നിക്ഷേപക സംഗമത്തിൽ ഉണ്ടായത് വ്യവസായികളുടെ ആത്മവിശ്വാസം ഉയർത്താൻ പ്രേരകമായിട്ടുണ്ട്. സർക്കാർ ഇനി ശ്രദ്ധ കേന്ദ്രീകരിക്കുന്നത് കരാർ ഒപ്പിട്ട പദ്ധതികൾക്ക് അനുമതി നൽകുന്ന നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തിയാക്കുന്നതിലാണ്. വ്യവസായികളുമായി ഉദ്യോഗസ്ഥ മേധാവികൾ തുടർ ചർച്ചകൾ നടത്തി പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നടന്നു കൊണ്ടിരിക്കുകയാണ്.

വിവിധ വകുപ്പുകളെ കോർത്തിണക്കി പദ്ധതികളുടെ അനുമതി വേഗത്തിലാക്കാൻ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ അവലോകന സമിതി രൂപവത്കരിക്കാനാണ് സർക്കാർ തീരുമാനം. സംരംഭങ്ങളുടെ തുടർപ്രവർത്തനങ്ങൾ കെ.എസ്.ഐ.ഡി.സി. വഴി നടപ്പാക്കും. അമ്പത് കോടിക്ക് മുകളിലുള്ള പദ്ധതികളുടെ നടത്തിപ്പിനായി കെ.എസ്.ഐ.ഡി.സി. പ്രത്യേക സംഘത്തെ നിയമിക്കും. സമാനസ്വഭാവമുള്ള വ്യവസായ നിർദേശങ്ങളെ ഏഴ് മേഖലകളായിതിരിക്കും. ഇവയുടെ മേൽനോട്ടം മാനേജർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ ചുമതലയിൽ ഏഴ് സംഘങ്ങൾക്കാകും. തുടർപ്രവർത്തനങ്ങൾ നടത്താൻ ഏഴംഗ സംഘത്തിനൊപ്പം അതത് മേഖലയിലെ വിദഗ്ധരെ കൂടി ചുമതലപ്പെടുത്തും.

ആദ്യഘട്ടത്തിൽ 12 വിദഗ്ധരെ നിയമിക്കാനാണ് ലക്ഷ്യമിടുന്നത്. ഐ.ടി. മേഖലയുടെ താത്പര്യപത്രങ്ങൾ ഐ.ടി. വകുപ്പ് കൈകാര്യം ചെയ്യും.

അമ്പത് കോടിയിൽ താഴെയുള്ള (എം.എസ്.എം.ഇ.) നിക്ഷേപ താത്പര്യപത്രങ്ങളുടെ തുടർപ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള സംഘം വഴിയാണ് നടപ്പാക്കുക. പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ രണ്ടാഴ്ചയിലൊരിക്കൽ പദ്ധതികളുടെ പുരോഗതി വിശകലനം ചെയ്യാനും തീരുമാനമായി. കൂടാതെ വ്യവസായ മന്ത്രിയുടെ അധ്യക്ഷതയിൽ പ്രതിമാസം പദ്ധതികൾ വിലയിരുത്തുകയും വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ പുറത്തിറക്കുന്ന നയങ്ങളും ഫ്രെയിം വർക്കുകളും രണ്ട് മാസത്തിനുള്ളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യും. കെ.എസ്.ഐ.ഡി.സി. 191, കിൻഫ്ര 15, ഡി.ഐ.സി. 253 എന്നിങ്ങനെ വിവിധ ഏജൻസികൾക്ക് പദ്ധതികൾ വീതിച്ച് നൽകുകയും മന്ത്രി തലത്തിൽ പോളിസി ഇടപെടലുകൾ നടപ്പിലാക്കാനും തീരുമാനമായി. കൂടാതെ 8 വകുപ്പുകളുടെ ഇടപെടലുകൾ, 31 പോളിസി തലത്തിലുള്ള റിഫോമുകൾ എന്നിവ ഇപ്പോഴത്തെ സാഹചര്യത്തിൽ നിർണ്ണായകമാണ്. ഇതിനായി എൽ.എസ്.ജി.ഡി., വൈദ്യുതി, പരിസ്ഥിതി, തൊഴിൽ, കൃഷി, ഉന്നതവിദ്യാഭ്യാസം, പൊതുഭരണം തുടങ്ങിയ വകുപ്പുകളുടെ സഹായം നിർബന്ധമാണ്.

താൽപ്പര്യപത്രം ഒപ്പുവച്ച 2675 കോടി രൂപയുടെ എട്ടു പദ്ധതികൾ ഇപ്പോൾ സംസ്ഥാനത്ത് യാഥാർത്ഥ്യമാവുകയാണ്. 1211 കോടിയുടെ നാല് പദ്ധതികൾക്ക് തുടക്കമാവുകയും ചെയ്തു. ജോയ് ആലുക്കാസ് ഗ്രൂപ്പിന്റെ റെസിഡൻഷ്യൽ അപ്പാർട്ട്മെന്റ് ആന്റ് ഹോസ്പിറ്റൽ, പോസിറ്റീവ് ചിപ്പ് ബോർഡ്സ്, എം.എസ്. വുഡ് അലയൻസ് പാർക്ക്, ഡൈനിമേറ്റഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ആരംഭിച്ചത്. കൂടാതെ ജിയോജിത്തിന്റെ ഐ.ടി. സമുച്ചയത്തിന് ഇൻഫോ പാർക്ക് ഫേസ് രണ്ടിൽ വ്യവസായ വകുപ്പ്മന്ത്രി പി. രാജീവ് തറക്കല്ലിട്ടു. ഐ.കെ.ജി.എസ്.-ന്റെ ഭാഗമായി വന്ന നിക്ഷേപ വാഗ്ദാനങ്ങളിൽ ആദ്യമായി സമാരംഭം കുറിക്കുന്ന പദ്ധതിയാണിത്. ഒഡീഷ ആസ്ഥാനമായ ഡബ്ല്യു.ജി.എച്ച്. ഗ്രൂപ്പിന്റെ പഞ്ചനക്ഷത്ര ഹോട്ടൽ നിർമാണവും നെടുമ്പാശേരിയിൽ ആരംഭിച്ചു. കല്യാൺ സിൽക്സ്, അത്താച്ചി, സതർലാൻഡ്, ഗാഷ സ്റ്റീൽസ്, കൃഷ്ണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, ഡെൽറ്റ അഗ്രഗേറ്റ്സ് ഇൻഡസ്ട്രിയൽ പാർക്ക്, ഇന്ദ്രപ്രസ്ഥ എന്നീ കമ്പനികളുടെ പദ്ധതികളും വരും ദിവസങ്ങളിൽ യാഥാർഥ്യമാകും.

ആഗോള നിക്ഷേപക സംഗമത്തിന്റെ വിജയത്തെ തുടർന്ന് കേരളത്തിൽ വ്യവസായരംഗത്ത് സമഗ്രമായ മാറ്റങ്ങളാണ് നടപ്പിലാക്കുന്നത്. വ്യവസായ മേഖലയിൽ കേരളം നടപ്പാക്കുന്ന പ്രവർത്തനങ്ങൾക്കും നയപരിപാടികൾക്കും പൊതുരൂപം നൽകുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ റീബ്രാൻഡിംഗ് നടപ്പിലാക്കി. റീബ്രാൻഡിങ് പ്രഖ്യാപനം നടത്തിയ വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്, ലോഗോ പ്രകാശനവും നിർവ്വഹിച്ചു. റീബ്രാൻഡിംഗിലൂടെ വ്യവസായ വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളും ബോർഡുകൾ ഉൾപ്പെടെ പുനഃക്രമീകരിക്കും. വ്യവസായ ഡയറക്ടറേറ്റ്, ഡയറക്ടറേറ്റിനു കീഴിലുള്ള താലൂക്ക്, ബ്ലോക്ക്, ജില്ലാതല ഓഫീസുകൾ, കെ.എസ്.ഐ.ഡി.സി., കിൻഫ്ര, കെബിപ്പ് മുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ, കയർ, കശുവണ്ടി എന്നിവയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ എന്നിവയെല്ലാം മാറ്റത്തിന് വിധേയമാകും.

Scan for the initiative of Industries Department in the previous two years.

പരിസ്ഥിതി, സമൂഹം എന്നിവയെ പരിഗണിച്ചു കൊണ്ടുള്ള സുസ്ഥിര വികസന നയമാണ് വ്യവസായ മേഖലയിൽ കേരളം നടപ്പിലാക്കുന്നത്. അറിവ് മൂലധനമായി മാറുന്ന വ്യവസായങ്ങൾ, ഉയർന്ന സാങ്കേതിക വൈദഗ്ധ്യമുള്ള മാനവവിഭവശേഷി ആവശ്യമായി വരുന്ന വ്യവസായങ്ങൾ, പുതുതലമുറ വ്യവസായങ്ങൾ എന്നിവയുടെയെല്ലാം കേന്ദ്രമായി കേരളം മാറിക്കൊണ്ടിരിക്കുകയാണ്. പ്രകൃതിയോട് ചേർന്നതും മികച്ച തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതുമായ വ്യവസായങ്ങൾ കേരളത്തിന്റെ വികസന ത്തെ കൂടുതൽ ശക്തിപ്പെടുത്തും.

ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമം, കേരളത്തെ ഒരു ആകർഷകമായ വ്യവസായ കേന്ദ്രമായി ഉയർത്തുന്നതിനുള്ള തുടക്കമായി മാറിയിരിക്കുന്നു. നിക്ഷേപകർക്കായി ഒരുക്കിയ സുതാര്യവും സമഗ്രവുമായ പദ്ധതികൾ, അതിവേഗ ലൈസൻസ് പ്രക്രിയകൾ, വിവിധ തരത്തിലുള്ള നയപരിഷ്ക്കാരങ്ങൾ എന്നിവ കേരളത്തിന്റെ വ്യവസായ ഭാവിയെ പ്രതീക്ഷാഭരിതമാക്കി. നിക്ഷേപക സംഗമത്തിൽ പ്രഖ്യാപിച്ച വാഗ്ദാനങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചും, നിരവധി തൊഴിൽ അവസരങ്ങൾ ഒരുക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചും സംസ്ഥാന സർക്കാർ മുന്നോട്ടു പോകുകയാണ്. കേരളത്തിന് വികസനത്തിന്റെ പുതിയ വഴികൾ തുറന്നു കൊടുത്തതോടൊപ്പം സഹകരണത്തിന്റെയും ഉത്തരവാദിത്വത്തിന്റെയും സന്ദേശമായി ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമം ചരിത്രത്തിൽ ഇടംപിടിച്ചു. ■

**കെ.എസ്.ഐ.ഡി.സി. മാനേജിങ് ഡയറക്ടർ ആണ് ലേഖകൻ**

## എറണാകുളം കളക്ടറേറ്റിൽ പ്ലൈവുഡ് വ്യവസായികളുടെ യോഗം



പ്ലൈവുഡ് കമ്പനികൾക്കെതിരെ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിനെതിരെ കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റ് കൊടുത്ത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളം കളക്ടറേറ്റിൽ വെച്ച് എറണാകുളം ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് ഐ.എ.എസ്. വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി എ.പി. എം മുഹമ്മദ് ഹനീഷ് ഐ.എ.എസ്. എന്നിവർ ചേർന്ന് വിളിച്ചു ചേർത്ത യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ, സംസ്ഥാന ജോ. സെക്രട്ടറി എം.എം. മുജീബ് റഹ്മാൻ, എറണാകുളം ജില്ല സെക്രട്ടറി എൻ.എ. അനിസ്, സിദ്ധിക്ക് കുന്നത്താനം (പ്ലൈവുഡ് വ്യവസായി) എന്നിവർ പങ്കെടുത്തു.

## ഇൻവെസ്റ്റ് കേരള അഡ്വൈസറി ബോർഡിന്റെ പ്രഥമ യോഗം




തിരുവനന്തപുരം വിവന്തയിൽ വെച്ച് നടന്ന ഇൻവെസ്റ്റ് കേരള അഡ്വൈസറി ബോർഡിന്റെ പ്രഥമ മീറ്റിംഗിൽ അഡ്വൈസറി ബോർഡ് അംഗമായ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ പങ്കെടുത്തു.

# പത്ര വാർത്തകൾ

## ഭൂപരിഷ്കരണ നിയമം

## ഭേദഗതി തേടി വ്യവസായ വകുപ്പ്; തടയിട്ട് റവന്യൂ

**>>15 ഏക്കർ പരിധിയിൽ ഇളവ് വേണമെന്നാണ് ആവശ്യം**

**സ്വന്തം ലേഖകൻ**

തിരുവനന്തപുരം: സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിന് ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി ആവശ്യപ്പെട്ട് വ്യവസായ വകുപ്പ്. കൈവശം വെക്കാവുന്ന ഭൂമിയുടെ പരിധി കൂട്ടണമെന്നതടക്കമുള്ള നിർദേശങ്ങളാണ് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വകുപ്പ് മുന്നോട്ട് വെച്ചത്. വ്യവസായം വരണമെങ്കിൽ ഭൂമി വേണം. ഭൂ നിയമങ്ങളിൽ ഇളവ് വേണം. അതുകൊണ്ട് തന്നെ ഭൂപരിഷ്കണ നിയമത്തിൽ ഭേദഗതി വേണമെന്ന ആവശ്യമാണ് വ്യവസായ വകുപ്പ് മുന്നോട്ട് വെക്കുന്നത്. കൈവശം വെക്കാവുന്ന ഭൂമിയുടെ പരിധി 15 ഏക്കറെന്നതിൽ ഉദാരമായ വലിയ മാറ്റങ്ങളാണ് മുഖ്യമന്ത്രി വിളിച്ച വകുപ്പുതല യോഗത്തിൽ വ്യവസായ വകുപ്പ് ആവശ്യപ്പെട്ടത്.

പക്ഷേ, ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി ആവശ്യം തള്ളിയ റവന്യൂ മന്ത്രി കെ. രാജൻ, പക്ഷേ വ്യവസായ സൗഹൃദമാകണമെന്ന ആശയത്തെ പിന്തുണക്കുകയും ചെയ്തു. വരുന്ന നിക്ഷേപത്തിന്റെ അളവും തൊഴിലവസരവും എല്ലാം കണക്കിലെടുത്ത് ആവശ്യത്തിന് ഭൂമി വിട്ടുകൊടുക്കാൻ നിലവിലെ നിയമത്തിൽ തന്നെ വ്യവസ്ഥയുണ്ടെന്ന് റവന്യൂ മന്ത്രി നിലപാടെടുത്തു.

മറ്റ് സംസ്ഥാനങ്ങളിലെ ഇളവുകൾ കൂടി ചൂണ്ടിക്കാട്ടിയാണ് വ്യവസായ വകുപ്പിന്റെ ആവശ്യത്തിന് റവന്യൂ വകുപ്പ് തടയിട്ടത്. സംസ്ഥാന താൽപര്യത്തിന് ഉതകുന്നതെങ്കിൽ നിലവിലെ നിയമം അനുസരിച്ച് തന്നെ ഇളവ് അനുവദിക്കാമെന്നും നടപടിക്രമം വേഗത്തിലാക്കാമെന്നും റവന്യൂ മന്ത്രി ഉറപ്പ് നൽകി.

നിലവിലെ നിയമം അനുസരിച്ച് വ്യവസായ ആവശ്യത്തിന് 15 ഏക്കറിന് മുകളിൽ ആവശ്യമെങ്കിൽ, വേണ്ടി വരുന്ന ഓരോ ഏക്കറിനും 10 കോടിയുടെ നിക്ഷേപവും 20 തൊഴിലവസരവും ഉറപ്പ് നൽകണം. ഏത് വകുപ്പുമായി ബന്ധപ്പെട്ടാണോ അപേക്ഷ ലഭിക്കുന്നത് അത് കലക്ടർ മുഖേനെ ബന്ധപ്പെട്ട മന്ത്രിമാരും വകുപ്പ് ഉദ്യോഗസ്ഥരും പരിശോധിച്ച ശേഷം മന്ത്രിസഭയുടെ അംഗീകരത്തോടെ മാത്രമെ ഭൂമി വിട്ടുനൽകുന്നതിന് അനുമതി കിട്ടൂ. അത്തരം സാങ്കേതിക കടമ്പകൾ ഒഴിവാക്കി വ്യവസായ ആവശ്യത്തിന് കൈവശം വെക്കാവുന്ന ഭൂമിയുടെ അളവ് കൂട്ടണമെന്നാണ് ആവശ്യം. പക്ഷേ, നിലവിലെ നിയമം വിട്ട് മറ്റ് നടപടികൾ കൈക്കൊള്ളാൻ കഴിയില്ലെന്നാണ് റവന്യൂ വകുപ്പ് അറിയിച്ചിരിക്കുന്നത്.


# തമ്പുരാൻ മുക്കിൽ കെ.എസ്.എസ്.ഐ.എ. യുടെ റീജിയണൽ ഓഫീസിന്റെ പ്രവർത്തനം ആരംഭിച്ചു



തിരുവനന്തപുരത്ത് കുന്നുകുഴി തമ്പുരാൻ മുക്കിൽ കെ.എസ്.എസ്.ഐ.എ. റീജിയണൽ ഓഫീസിന്റെ പ്രവർത്തനം ആരംഭിച്ചു. ബഹു. വ്യവസായ വാണിജ്യ ഡയറക്ടർ വിഷ്ണുരാജ് ഐ.എ.എസ്. ആണ് ഓഫീസിന്റെ പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചത്. സംസ്ഥാന പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സംസ്ഥാന ഭാരവാഹികൾ, ജില്ലാ പ്രസിഡന്റുമാർ, സെക്രട്ടറിമാർ, കെ.എസ്.എസ്.ഐ.എ. ന്യൂസ് ചീഫ് എഡിറ്റർ, അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു. വ്യവസായികൾ നേരിടുന്ന ബുദ്ധിമുട്ടുകളുടെ വിശദമായ നിവേദനം ഡയറക്ടർക്ക് നല്കി വിശദമായി ചർച്ച ചെയ്തു. ഉചിതമായ തീരുമാനമെടുക്കാമെന്ന് വ്യവസായ വാണിജ്യ ഡയറക്ടർ വിഷ്ണുരാജ് ഐ.എ.എസ്., അറിയിച്ചു. സംസ്ഥാന സംഘടനയുടെ ഉപഹാരം ഡയറക്ടർക്ക് സംസ്ഥാന പ്രസിഡന്റ് നല്കുകയുണ്ടായി. എ.റ്റി.എം. കൗണ്ടറിന്റെ പ്രവർത്തനവും ആരംഭിച്ചു. റീജിയണൽ ഓഫീസ് വ്യവസായികൾക്ക് പ്രയോജനം ലഭിക്കുന്നതിനും, എല്ലാ സേവനങ്ങളും നല്കുന്നതിനും ഉദ്ദേശിച്ചാണ് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. കേരളത്തിന്റെ പല ജില്ലകളിൽ നിന്നുള്ളവർക്കും അംഗങ്ങൾക്ക് ഇതിന്റെ പ്രവർത്തനം ഗുണകരമാകും. മന്ത്രിയുടെ ആവശ്യപ്രകാരം ഒരു ഹെൽപ്പ് ഡെസ്കിന്റെ പ്രവർത്തനവും ആരംഭിച്ചു. നമ്മുടെ അംഗങ്ങളെല്ലാം റീജിയണൽ ഓഫീസ് പ്രവർത്തനത്തിൽ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.



സംസ്ഥാന സംഘടനയുടെ ഉപഹാരം വ്യവസായ ഡയറക്ടർ വിഷ്ണുരാജ് ഐ.എ.എസിന് സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ നല്കുന്നു.



റീജിയണൽ ഓഫീസ് ഹാളിൽ വച്ച് സംസ്ഥാന പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചർച്ച നടക്കുന്നു.



Hill Top Ctiy Project-നെ കുറിച്ചും വ്യവസായ സംരംഭകർ നേരിടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചും വ്യവസായ വകുപ്പ് മന്ത്രി പി. രാജീവുമായി ചർച്ചചെയ്യുന്നു.



ബോംബെ മോണോർക്ക് ടീം, ലാൻഡ് ഓണേഴ്സുമായി Hill Top Ctiy Project-നെ കുറിച്ച് വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസുമായി ചർച്ച ചെയ്യുന്നു.




Hill Top Ctiy Project-നെ കുറിച്ചും, കിൻഫ്രാ എസ്റ്റേറ്റിലെ വ്യവസായ സംബന്ധമായ ബുദ്ധിമുട്ടുകളെക്കുറിച്ചും കിൻഫ്രാ മാനേജിങ്ങ് ഡയറക്ടർ സന്തോഷ് കോശി തോമസുമായി ചർച്ച നടത്തി.

# പത്ര വാർത്തകൾ

## സിഡ്കോയുടെ ആദ്യത്തെ ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ സെന്റർ കോട്ടയം ഏറ്റുമാനൂരിൽ



സിഡ്കോയുടെ ആദ്യത്തെ ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ സെന്റർ കോട്ടയം ഏറ്റുമാനൂരിലെ വ്യവസായ എസ്റ്റേറ്റിൽ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു. 2025 ജൂൺ 9 ന് നടന്ന ചടങ്ങിൽ ബഹു. സഹകരണവകുപ്പ് മന്ത്രി ശ്രീ. വി.എൻ. വാസവൻ മുഖ്യാതിഥിയായിരുന്നു.

ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ സെന്ററിലൂടെ ചെറുകിട സംരംഭകർക്ക് അവരുടെ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സൗകര്യം മാർക്കറ്റിങ് വിഭാഗം വഴി ഉറപ്പാക്കും. ലഭ്യമാക്കാൻ സാധിക്കുന്ന മുഴുവൻ അസംസ്കൃത വസ്തുക്കളും ഈ കേന്ദ്രം വഴി സംരംഭകർക്ക് ലഭ്യമാക്കും. വ്യവസായികളുടെ പരാതികൾ പരിഹരിക്കാൻ ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോമും ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വിഭാഗത്തിനു കീഴിൽ ഫെസിലിറ്റേഷൻ സെന്ററിൽ ഒരുക്കും. തുടർച്ചയായി നഷ്ടം രേഖപ്പെടുത്തിക്കൊണ്ടിരുന്ന സിഡ്കോ ഇപ്പോൾ തുടർച്ചയായി ലാഭത്തിലാണ്. പ്രവർത്തനലാഭം ഇരട്ടിയാക്കിയും വിറ്റുവരവ് ഒൻപതു വർഷത്തെ ഏറ്റവും ഉയർന്ന തുകയായ 238 കോടിയിൽ എത്തിച്ചും ചരിത്രനേട്ടമായിരുന്നു വ്യവസായ വകുപ്പിനുകീഴിലെ പൊതുമേഖലാ സ്ഥാപനമായ കേരള സിഡ്കോ കഴിഞ്ഞ സാമ്പത്തികവർഷം കരസ്ഥമാക്കിയത് . 2.83 കോടി രൂപയുടെ പ്രവർത്തന ലാഭമാണ് 2024-25ൽ സിഡ്കോ കൈവരിച്ചത്.

## വ്യവസായ സംരംഭങ്ങൾക്കായി ചട്ടങ്ങളിലും മാനദണ്ഡങ്ങളിലും വാരിക്കോരി ഇളവ്

**സ്വന്തം ലേഖകൻ**

തിരുവനന്തപുരം: സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിന് ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി ആവശ്യപ്പെട്ട് വ്യവസായ വകുപ്പ്. കൈവശം വെക്കാവുന്ന ഭൂമിയുടെ പരിധി കൂട്ടണമെന്നതടക്കമുള്ള നിർദേശങ്ങളാണ് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വകുപ്പ് മുന്നോട്ട് വെച്ചത്. വ്യവസായം വരണമെങ്കിൽ ഭൂമി വേണം. ഭൂ നിയമങ്ങളിൽ ഇളവ് വേണം. അതുകൊണ്ട് തന്നെ ഭൂപരിഷ്കണ നിയമത്തിൽ ഭേദഗതി വേണമെന്ന ആവശ്യമാണ് വ്യവസായ വകുപ്പ് മുന്നോട്ട് വെക്കുന്നത്. കൈവശം വെക്കാവുന്ന ഭൂമിയുടെ പരിധി 15 ഏക്കറെന്നതിൽ ഉദാരമായ വലിയ മാറ്റങ്ങളാണ് മുഖ്യമന്ത്രി വിളിച്ച വകുപ്പുതല യോഗത്തിൽ വ്യവസായ വകുപ്പ് ആവശ്യപ്പെട്ടത്.


പക്ഷേ, ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി ആവശ്യം തള്ളിയ റവന്യൂ മന്ത്രി കെ. രാജൻ, പക്ഷേ വ്യവസായ സൗഹൃദമാകണമെന്ന ആശയത്തെ പിന്തുണക്കുകയും ചെയ്തു. വരുന്ന നിക്ഷേപത്തിന്റെ അളവും തൊഴിലവസരവും എല്ലാം കണക്കിലെടുത്ത് ആവശ്യത്തിന് ഭൂമി വിട്ടുകൊടുക്കാൻ നിലവിലെ നിയമത്തിൽ തന്നെ വ്യവസ്ഥയുണ്ടെന്ന് റവന്യൂ മന്ത്രി നിലപാടെടുത്തു. മറ്റ് സംസ്ഥാനങ്ങളിലെ ഇളവുകൾ കൂടി ചൂണ്ടിക്കാട്ടിയാണ് വ്യവസായ വകുപ്പിന്റെ ആവശ്യത്തിന് റവന്യൂ വകുപ്പ് തടയിട്ടത്. സംസ്ഥാന താൽപര്യത്തിന് ഉതകുന്നതെങ്കിൽ നിലവിലെ നിയമം അനുസരിച്ച് തന്നെ ഇളവ് അനുവദിക്കാമെന്നും നടപടിക്രമം വേഗത്തിലാക്കാമെന്നും റവന്യൂ മന്ത്രി ഉറപ്പ് നൽകി.

നിലവിലെ നിയമം അനുസരിച്ച് വ്യവസായ ആവശ്യത്തിന് 15 ഏക്കറിന് മുകളിൽ ആവശ്യമെങ്കിൽ, വേണ്ടി വരുന്ന ഓരോ ഏക്കറിനും 10 കോടിയുടെ നിക്ഷേപവും 20 തൊഴിലവസരവും ഉറപ്പ് നൽകണം. ഏത് വകുപ്പുമായി ബന്ധപ്പെട്ടാണോ അപേക്ഷ ലഭിക്കുന്നത് അത് കലക്ടർ മുഖേനെ ബന്ധപ്പെട്ട മന്ത്രിമാരും വകുപ്പ് ഉദ്യോഗസ്ഥരും പരിശോധിച്ച ശേഷം മന്ത്രിസഭയുടെ അംഗീകരത്തോടെ മാത്രമെ ഭൂമി വിട്ടുനൽകുന്നതിന് അനുമതി കിട്ടൂ. അത്തരം സാങ്കേതിക കടമ്പകൾ ഒഴിവാക്കി വ്യവസായ ആവശ്യത്തിന് കൈവശം വെക്കാവുന്ന ഭൂമിയുടെ അളവ് കൂട്ടണമെന്നാണ് ആവശ്യം. പക്ഷേ, നിലവിലെ നിയമം വിട്ട് മറ്റ് നടപടികൾ കൈക്കൊള്ളാൻ കഴിയില്ലെന്നാണ് റവന്യൂ വകുപ്പ് അറിയിച്ചിരിക്കുന്നത്.

### 31 ചട്ടങ്ങൾ ഭേദഗതി ചെയ്യും

നിക്ഷേപക സംഗമത്തിന്റെ തുടർച്ചയായി സംസ്ഥാനത്ത് നിലവിലുള്ള 31 ചട്ടങ്ങൾ ഭേദഗതി ചെയ്യും. തദ്ദേശഭരണം, റവന്യൂ, വൈദ്യുതി, പരിസ്ഥിതി, തൊഴിൽ, കൃഷി, ഉന്നത വിദ്യാഭ്യാസം, എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടവയും പൊതുവായതുമായ നയങ്ങളും ചട്ടങ്ങളുമാണ് ഭേദഗതി വരുത്തുക. കേരള നെ വയൽ സംരക്ഷണ ചട്ടങ്ങളിലെ അധിക ഫീസ് അടക്കണമെന്ന വ്യവസ്ഥ നീക്കംചെയ്യാൻ ധനവകുപ്പുമായി ആലോചിച്ച് തീരുമാനിക്കും. സുതാര്യവും കാര്യക്ഷമവുമായ ഭൂവിനിയോഗത്തിനായി യുനീക് തണ്ടപ്പേർ നമ്പർ സമ്പ്രദായം വേഗത്തിലാക്കും. വ്യവസായിക ആവശ്യങ്ങൾക്ക് 15 ഏക്കറിന് മുകളി

ലുള്ള ഭൂമി ഉടമസ്ഥത സംബന്ധിച്ച് മന്ത്രിതല സമിതിയുടെ പരിഗണനയുമായി ബന്ധപ്പെട്ട ഉത്തരവിലെ ആശയക്കുഴപ്പം പരിഹരിക്കും. ഭൂമി തരംമാറ്റത്തിന് കൃഷി ഓഫിസർമാരുടെ അധികാരം വ്യക്തമാക്കി സർക്കുലർ ഇറക്കും.



# India International INDUSTRIAL EXPO

IIIE 2026

*Accelerating Industry Growth*

## 2026 JANUARY

16 17 18

ADLUX INTERNATIONAL CONVENTION CENTRE

KOCHI | KERALA | INDIA

Limited stalls are available

Organizer

KSSIA THE KERALA STATE SMALL INDUSTRIES ASSOCIATION | METRO mart

In Association with

MSME | DEPARTMENT OF INDUSTRIES & COMMERCE | KSIDC | K-bip

For more details:

**+91-9947733339**

**+91-9995139933**

info@iiie.in

www.iiie.in

25th June, 2025, Kalamassery
Regn. No. KERBIL/2005/23143
KSSiA NEWS
Journal of The Kerala State Small Industries Association
Registered: Postal Regn. No. KL/EKM/767/2023-25
Licensed to Post without Pre-payment KL/CR/EKM/WPP-3/2023-25
Price ₹ 5.00




Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94963 60300, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.